# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അയിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P9/919/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/08/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P9/919/25 തീയ്യതി: 22/08/2025

# പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ കുമാർ റ്റി | ഡെപ്യൂട്ടി ഡയറക്ടർ | 07-07-2025 | 17-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷൈജു വൈ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഷാഫി വി. എം., ഓഡിറ്റർ
ശ്രീമതി. കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി പ്രഭാകരൻ നായർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ സുരേഷ് എ | സെക്രട്ടറി | 01-04-2024 | 10-09-2024 |
| ശ്രീ ടെറൻസ് ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-09-2024 | 26-09-2024 |
| ശ്രീ സജീഷ് ടി. എസ്. | സെക്രട്ടറി | 27-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടെറൻസ് ജെ | അസിസ്റ്റന്റ്സെക്രട്ടറി | 01-04-2024 | 19-10-2024 |
| ശ്രീ കെ.എ. താജുദ്ദീൻ | അസിസ്റ്റന്റ്സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2024 | 03-11-2024 |
| ശ്രീ മനോജ് കെ | അസിസ്റ്റന്റ്സെക്രട്ടറി | 04-11-2024 | 31-03-2025 |
| ശ്രീ രജിത്ത് എസ് | അസിസ്റ്റന്റ് എൻജിനിയർ | 12-09-2024 | 31-03-2025 |
| ഡോ. രാജേഷ് പി | മെഡിക്കൽ ഓഫീസർ -സി എച്ച് സി. | 01-04-2024 | 31-03-2025 |
| ശ്രീമതി സ്റ്റെസ്സി എസ്. | കൃഷി ഓഫീസർ | 01-04-2024 | 13-12-2024 |
| ഡോ. സുധാരത്നം കെ പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 31-05-2024 |
| ഡോ.ദീപ എൻ ഡി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-06-2024 | 31-07-2024 |
| ഡോ. സുധാരത്നം കെ പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-08-2024 | 31-03-2025 |
| ശ്രീമതി അനിത വി | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ ഒബി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി സ്വാതി ചന്ദ്രൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 01-08-2024 |
| ശ്രീമതി മേരി ഷൈനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 31-03-2025 |
| ശ്രീമതി ദിവ്യ സി | വി.ഇ.ഒ. അയിരൂർ സർക്കിൾ | 01-04-2024 | 24-09-2024 |
| ശ്രീമതി പ്രിൻസി പി സി | വി.ഇ.ഒ. അയിരൂർ സർക്കിൾ | 25-09-2024 | 25-01-2025 |
| ശ്രീമതി സന്ധ്യാമോൾ ആർ | വി.ഇ.ഒ. അയിരൂർ സർക്കിൾ | 26-01-2025 | 31-03-2025 |
| ശ്രീ സന്ദീപ് കുമാർ സി വി | വി.ഇ.ഒ. തടിയൂർ സർക്കിൾ | 01-04-2024 | 18-06-2024 |
| ശ്രീമതി ദിവ്യ സി | വി.ഇ.ഒ. തടിയൂർ സർക്കിൾ | 19-06-2024 | 25-09-2024 |
| ശ്രീമതി പ്രിൻസി പി സി | വി.ഇ.ഒ. തടിയൂർ സർക്കിൾ | 26-09-2024 | 01-12-2024 |

| | | | |
|---|---|---|---|
| ശ്രീ ഹാരിസ് എം ഐ | വി.ഇ.ഒ. തടിയൂർ സർക്കിൾ | 02-12-2024 | 19-12-2024 |
| ശ്രീമതി അഞ്ജലി സന്തോഷ് | വി.ഇ.ഒ. തടിയൂർ സർക്കിൾ | 20-12-2024 | 31-03-2025 |
| ശ്രീമതി ശില്പ പ്രദീപ് | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-12-2024 |
| ശ്രീ മനു ചന്ദ്രൻ | ഫിഷറീസ് ഓഫീസർ | 01-01-2025 | 31-03-2025 |
| ശ്രീ മുരളീമോഹൻ കെ സി | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2024 | 22-10-2024 |
| ശ്രീമതി ശ്രീലേഖ ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-08-2024 | 15-08-2024 |
| ശ്രീമതി ലത മേരി തോമസ് | കൃഷി ഓഫീസർ | 14-12-2024 | 31-03-2025 |
| ശ്രീ ശിവപ്രസാദ് സി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 11-09-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വരവിനങ്ങളുടെ ഡിമാന്റ് കൃത്യമല്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരം ഉൾപ്പെടുത്തി കണക്കുകൾ ക്രമീകരിച്ചില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക കൃത്യമല്ല | 1-1-5 |
| 7 | പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഉള്ള ബാദ്ധ്യത വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു | 1-11 |
| 18 | മുൻ വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല | 1-12 |
| 19 | തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-13 |
| 20 | ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമല്ല; ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-14 |
| 21 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല | 1-15 |
| 22 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു | 1-16 |
| 23 | ധാതു ഗതാഗത പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചില്ല | 1-17 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം- പാഴ്ചെലവ് തടയാനായില്ല | 1-18 |
| 25 | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല | 1-19 |
| 26 | മാനവമൈത്രി ചതയദിന ജലോത്സവം- പദ്ധതിച്ചെലവിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ല | 1-20 |
| 27 | റ്റേക്ക്-ഏ-ബ്രേക്ക് ടോയ് ലറ്റ് -ഓഡിറ്റ് പരാമർശത്തിന്മേൽ നടപടിയില്ല | 1-21 |
| 28 | പഞ്ചായത്തിന് സ്വന്തമായി എം.സി.എഫ് ഇല്ല | 1-22 |
| 29 | ആശ്രയ പദ്ധതി നടപ്പാക്കുന്നില്ല- അക്കൗണ്ടിൽ 11 ലക്ഷം | 1-23 |
| 30 | ഭിന്നശേഷിക്കാർക്ക് ബഡ്സ് സ്കൂൾ - പദ്ധതികൾ ഏറ്റെടുത്തില്ല | 1-24 |
| 31 | മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല | 1-25 |
| 32 | മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചു | 1-26 |
| 33 | യഥാസമയം കരാർ ചമക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള ഫൈൻ ഈടാക്കിയില്ല | 1-27 |
| 34 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല | 1-28 |
| 35 | ലൈഫ് ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |

| | | |
|---|---|---|
| 36 | ഭവനം വാസയോഗ്യമാക്കൽ- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-30 |
| 37 | ഭരണസമിതി യോഗങ്ങളുടെ മിനിറ്റ്സ് അംഗീകരിക്കുന്നതിൽ കാലതാമസം | 1-31 |
| 38 | വി.ഇ.ഒ പ്രോജക്ടുകൾ നടപ്പാക്കിയില്ല | 1-32 |
| 39 | സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിച്ചില്ല | 1-33 |
| 40 | ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭ അംഗീകരിച്ചില്ല | 1-34 |
| 41 | ആംബുലൻസ് ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-35 |
| 42 | ഭവനം വാസയോഗ്യമാക്കൽ- മാർഗരേഖക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു | 1-36 |
| 43 | ആവശ്യകത നിർണ്ണയിയ്ക്കാതെയുള്ള അടങ്കലിൽ പ്രോജക്ടുകൾ ആവിഷ്ക്കരിയ്ക്കുന്നു | 1-37 |
| 44 | യഥാസമയം വെള്ളക്കരം അടവാക്കാത്ത സാഹചര്യത്തിൽ ഫൈൻ അടവാക്കി | 1-38 |
| 45 | ജലജീവൻമിഷൻ പദ്ധതിക്ക് നാളിതുവരെ വിഹിതം നൽകിയില്ല | 1-39 |
| 46 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- ഗുണഭോക്താക്കളിൽ നിന്നും സംഘങ്ങൾ അധികമായി തുക ഈടാക്കുന്നു | 1-40 |
| 47 | റീട്രോഫിറ്റിംഗ്- പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-41 |
| 48 | ഹോമിയോ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 1-42 |
| 49 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-43 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം-പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/ വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്, സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,38,15,116 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,76,92,700 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28/05/2025-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**
**22/08/2025**

## 1-1-2 വരവിനങ്ങളുടെ ഡിമാന്റ് കൃത്യമല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാവസാനം ഒറ്റത്തവണയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ് കൃത്യമായി കണക്കാക്കിയിട്ടില്ല. വരവ് തന്നെ ഡിമാന്റ് ആയി രേഖപ്പെടുത്തുകയാണ് ചെയ്തത്. വാർഷിക കണക്കുകളിലെ ഡിമാന്റ് തുക കൃത്യമല്ല.

## 1-1-3 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരം ഉൾപ്പെടുത്തി കണക്കുകൾ ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചതും, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വാർഷിക കണക്കുകൾ ക്രമീകരിച്ചിട്ടില്ല.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ വിവരം, അവയുടെ മൂല്യം എന്നിവ പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-1-5 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തുക കൃത്യമല്ല

വാർഷിക കണക്കുകളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി കാണിച്ചിട്ടുള്ള തുകയും ഓഡിറ്റ് വർഷം പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ ഇനത്തിൽ നൽകിയ തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-6 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഉള്ള ബാദ്ധ്യത വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2,69,85,084 രൂപയാണ് 2025 മാർച്ച് 31-ന് ബാദ്ധ്യത ഉണ്ടായിരുന്നത്. എന്നാൽ ആയത് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് പാസ്സാക്കിയ തീയതി/തീരുമാനം | 05/02/2024 തീരുമാനം നം. 1(1) |
| ജനറൽ കമ്മിറ്റി ബജറ്റ് പാസ്സാക്കിയ തീയതി/തീരുമാനം | 09/02/2024 തീരുമാനം നം. 1(1) |
| ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് | 2,59,80,299 |
| പ്രതീക്ഷിത വരവ് | 11,12,94,300 |
| പ്രതീക്ഷിത ചെലവ് | 15,49,09,536 |
| ആകെ | 18,08,89,835 |
| ചെലവ് | 14,56,96,850 |
| നീക്കിയിരിപ്പ് | 3,51,92,985 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി/തീരുമാനം | 03-03-2025 തീരുമാനം നം.2(1) |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18317155 | |
| വരവ് | 58902626 | 294142614 |
| ആകെ | 77219781 | |
| ചെലവ് | 45087510 | 298507568 |
| നീക്കിയിരിപ്പ് | 32132271 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | | 18587000 | 18587000 | 17310833 | | 1276167 |
| വികസനഫണ്ട്(എസ്.സി.പി) | | 2749000 | 2749000 | 2097538 | | 651462 |
| വികസനഫണ്ട്(റ്റി.എസ്.പി) | | -- | | -- | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 3030603 | 6546000 | 9576603 | 1882596 | **7694007** | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 833952 | 3416638 | 4250590 | 2247033 | **2003557** | |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | | 35347000 | 35347000 | 17644762 | | 17702238 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | | 2883000 | 2883000 | 2695116 | | 187884 |
| **പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - ഇനം തിരിച്ച്** | | | | | | |
| ശബരിമലഗ്രാന്റ് | 747173 | 0 | 747173 | 744957 | 2216 | |
| **സംസ്ഥാനാവിഷ്ക്കൃത ഫണ്ട് - ഇനം തിരിച്ച്** | | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1170111 | 0 | 1170111 | 915000 | 255111 | |
| പൈക്ക ഗ്രാന്റ് | 30552 | 0 | 30552 | 0 | 30552 | |
| ലൈഫ് - സംസ്ഥാന വിഹിതം | 2360000 | 2000000 | 4360000 | 2397000 | 1963000 | |
| ബയോഡൈവേഴ്സിറ്റി ഫണ്ട് | 509801 | 0 | 509801 | 503631.5 | 6170.5 | |
| സാക്ഷരത | 125785 | 3410 | 129195 | 0 | 129195 | |
| **കേന്ദ്രാവിഷ്ക്കൃത ഫണ്ട് - ഇനം തിരിച്ച്** | | | | | | |
| തൊഴിലുറപ്പ് പദ്ധതി | 36461 | 601727 | 638187 | 637643 | 544 | |
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 1134591 | 1400423 | 2535014 | 472071 | 2062943 | |
| ഹെൽത്ത് ഗ്രാന്റ്- Conversion Of PHC Sub Centers To Wellness Centers | 41078 | 566164 | 607242 | 31069 | 576173 | |
| ഹെൽത്ത് ഗ്രാന്റ് - Diagnostic Infrastructure | 88335 | 352156 | 440491 | 0 | 440491 | |
| ഹെൽത്ത് ഗ്രാന്റ്- Buildingless Subcenters | 5607714 | 156241 | 5763955 | 0 | 5763955 | |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

(I)വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ കണക്കുകളിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

(എ) അങ്കണവാടി വർക്കർമാർക്കുള്ള ഹോണറേറിയം ഇനത്തിൽ, വികസന ഫണ്ട് പൊതുവിഭാഗം വിഹിതത്തിന്റെ അലോട്ട്മെന്റിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 15,01,705 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായുള്ള വായ്പാ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ട് പട്ടികജാതി വിഭാഗം വിഹിതത്തിന്റെ അലോട്ട്മെന്റിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 4,05,443 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(Ii) 2023-24 ൽ ശബരിമല ഗ്രാന്റിനത്തിലുണ്ടായ ചെലവ് 6,73,098 രൂപ ടി വർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി തുക 2024-25 ൽ Prior Period Expense ആയി കാണിക്കാത്തതിനാൽ വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് തെറ്റാണ്.

(Iii) ശുചിത്വമിഷൻ ഫണ്ടിനത്തിൽ 2023-24 ലെ പദ്ധതിച്ചെലവ് 8,97,502 രൂപ ടി വർഷത്തെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി തുക 2024-25 ലെ വാർഷിക കണക്കുകളിൽ Prior Period Expense-ൽ ഉൾപ്പെടുത്തി അപാകം പരിഹരിച്ചതിനാൽ ടി തുക കുറവ് ചെയ്ത് ടി ഫണ്ടിന്റെ മുന്നിരിപ്പ് 11,70,111 രൂപയായി ക്രമീകരിച്ചു.

(Iv) ലൈഫ് സംസ്ഥാന വിഹിതം ഇനത്തിൽ വരവ് വന്ന തുക 2023-24 ൽ പൂർണ്ണമായും അക്കൗണ്ട് ചെയ്തിരുന്നില്ല. ഇതനുസരിച്ച് 2024-25 ൽ മുന്നിരിപ്പ് ശരിയായി ക്രമീകരിച്ചിട്ടുണ്ട്.

(V) ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ് ഫണ്ട്, ബേസിക് ഗ്രാന്റ്) ഇനത്തിൽ 2023-24 ലെ വാർഷിക കണക്കുകളിലെ ഷെഡ്യൂൾ ബി-4 പ്രകാരമുള്ള തുകയാണ് മുന്നിരിപ്പ് ആയി സൂചിപ്പിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2024-25 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 312 | 161549165 | 214 | 62321360 | 98 | 68.58 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 50 | 34 | 12175379 | 6468959 | 53.13 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 6 | 2067000 | 808084 | 39.09 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 142 | 89 | 50795474 | 22778501 | 44.84 |
| കൃഷി ഓഫീസർ | 15 | 15 | 4605662 | 2115315 | 45.93 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 14 | 12 | 68307593 | 18428593 | 26.98 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 22 | 8 | 7681188 | 2044505 | 26.62 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 16 | 7646641 | 4609161 | 60.23 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 16 | 11 | 3406885 | 1838659 | 53.97 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 235000 | 234553 | 99.81 |
| പ്രഥമ അദ്ധ്യാപകൻ, ജി.എൽ.പി.എസ്. | 7 | 7 | 1310000 | 1142728 | 87.23 |
| വെറ്ററിനറി സർജൻ | 8 | 8 | 1465000 | 982164 | 67.04 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 1733343 | 822138 | 47.43 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 120000 | 48000 | 40 |
| **ആകെ** | **312** | **214** | **161549165** | **62321360** | **38.57** |

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേരുന്നുണ്ടെങ്കിലും അതനുസരിച്ചല്ല വാർഷിക പദ്ധതി അംഗീകാരം വാങ്ങിയിട്ടുള്ളത്. നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 142 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 89 എണ്ണം ആണ് ഓഡിറ്റ് വർഷം പൂർത്തീകരിച്ചത്. റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ 3,53,47,000 രൂപ ലഭിച്ചതിൽ 1,76,44,762 രൂപ മാത്രമാണ് പദ്ധതിച്ചെലവ്. ലക്ഷങ്ങൾ ചെലവഴിച്ച് 2021-22 ലെ പദ്ധതി പ്രകാരം നിർമ്മിച്ച റ്റേക്ക്-എ-ബ്രേക്ക് കെട്ടിടം പരിപാലനം ഇല്ലാതെയും പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാതെയും നശിച്ചുകൊണ്ടിരിക്കുന്നത് തുടർമോണിറ്ററിംഗിന്റെ അഭാവത്താലാണ്. നിക്ഷേപ പ്രവൃത്തികളുടെ മോണിറ്ററിംഗിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്നതും ഗൗരവതരമാണ്.

ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം ആയി ലഭിച്ച തുകയിൽ 20,62,943 രൂപ ചെലവഴിക്കാൻ ബാക്കിയായി തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ടി തുക അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് വിനിയോഗിക്കാവുന്നതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 36460 | 601727 | 638187 | 637643 | 544 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | | 16129803 | 16129803 | 16129803 | |
| ആകെ | 36460 | 16731530 | 16767990 | 16767446 | 544 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2585200 | 160 |

| | | |
|---|---|---|
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4186100 | 275 |
| വിധവാ പെൻഷൻ | 12507100 | 803 |
| വാർദ്ധക്യകാല പെൻഷൻ | 35347600 | 2443 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 414000 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2025 തീയതിയിൽ 2:30 P.M-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48523 രൂപ (നാല്പത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന്) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഉദ്യോഗസ്ഥതലത്തിൽ ഉള്ള മേൽനോട്ടക്കുറവ് കാരണം ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കാര്യക്ഷമത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയുടെ ഭാഗത്ത് നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകുന്നുണ്ട്.
പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ആയി കുടിശ്ശികയും ഫൈനും ഉൾപ്പെടെ 26985084 രൂപ ആണ് 2025 ഫെബ്രുവരി മാസം വരെ വാട്ടർ അതോറിറ്റിയിൽ ഒടുക്കാനുള്ളത്. ടാപ്പുകൾ എല്ലാം പ്രവർത്തനരഹിതമായതിനാൽ കുടിശ്ശിക ഒടുക്കുന്നതിന് ഇതേവരെ പഞ്ചായത്ത് തയ്യാറായിട്ടില്ല. എന്നാൽ ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കി ഫീസ് ഒടുക്കുന്നതിന് ഇതേവരെ നടപടിയുണ്ടായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് നിരീക്ഷിച്ചിട്ടില്ല. പദ്ധതിപ്പണം വിനിയോഗിച്ച് നിർമ്മിച്ച ടേക്ക്-എ-ബ്രേക്ക് കെട്ടിടം പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താതെ ഉപേക്ഷിച്ച നിലയിലാണ്. ഈ വിഷയങ്ങളിൽ ഭരണതലത്തിൽ നടപടിയുണ്ടാകേണ്ടതുണ്ട്.

ഓഡിറ്റ് വർഷം 17 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. എന്നാൽ തൊഴിൽ നികുതിയുടെ ഡിമാന്റ് സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. വരവ് തന്നെ ഡിമാന്റ് ആയി രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതിയുടെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കപ്പെടേണ്ടതുണ്ട്. വസ്തുനികുതി ഇനത്തിൽ 9.6 ലക്ഷം രൂപ പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ട്. എന്നാൽ കുടിശ്ശിക പിരിവിന് കാര്യക്ഷമമായ നടപടികളുണ്ടായില്ല. സാമ്പത്തിക വർഷാവസാനമാണ് ഭൂരിഭാഗം വ്യാപാര സ്ഥാപനങ്ങളുടെയും അപേക്ഷകൾ വാങ്ങി ലൈസൻസ് നൽകിയിട്ടുള്ളത്.

പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ അദ്ധ്യക്ഷയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിൽ ഗണ്യമായ കാലതാമസം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന് പുതിയ എം.സി.എഫ്. കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ ഇതേവരെ കഴിഞ്ഞിട്ടില്ല. നിലവിലുള്ള എം.സി.എഫിൽ സ്ഥലസൗകര്യം ഇല്ലാത്തതിനാൽ ഹരിത കർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം പഞ്ചായത്ത് ഓഫീസിന്റെ പരിസരത്താണ് സൂക്ഷിച്ചിട്ടുള്ളത് . ഓഫീസിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് ഇത് തടസ്സമുണ്ടാക്കുന്നുണ്ട്.

വ്യക്തമായ ലക്ഷ്യമില്ലാതെ പ്രോജക്ട് തയ്യാറാക്കുന്നത് മൂലം പഞ്ചായത്ത് ഏറ്റെടുത്ത 15 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു. ഫണ്ട് നഷ്ടമാകുന്നതിന് ഇത് ഇടയാക്കി. നടപ്പിലാക്കാൻ കഴിയുന്ന പ്രവൃത്തികൾ മാത്രം ഏറ്റെടുക്കുന്നതിനും, സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിനും ഭരണതലത്തിൽ നടപടിയുണ്ടാകേണ്ടതുണ്ട്.

ആസ്തികളുടെ വിവരം ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെയും പദ്ധതി ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2017 മുതൽ 06.12.2017 വരെ | 2013-14 മുതൽ 2016-17 വരെ | 17.01.2018 |

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി |
|---|---|---|---|
| 1. | എസ്.എൻ.ഡി.പി. ഹൈസ്കൂൾ, കാഞ്ഞീറ്റുകര | 10 | രണ്ടാം അർദ്ധവർഷം |
| 2. | ഇന്ത്യൻ ഓവർസീസ് ബാങ്ക്, പ്ലാങ്കമൺ | 3 | രണ്ടാം അർദ്ധവർഷം |
| 3. | പോസ്റ്റോഫീസ്, അയിരൂർ നോർത്ത് | 3 | രണ്ടാം അർദ്ധവർഷം |
| 4. | പോസ്റ്റോഫീസ്, തേക്കുംങ്കൽ | 1 | രണ്ടാം അർദ്ധവർഷം |
| 5. | പോസ്റ്റോഫീസ്, വെള്ളിയറ | 3 | രണ്ടാം അർദ്ധവർഷം |
| 6 | പോസ്റ്റോഫീസ്, കൈതക്കൊടി | വിവരം ലഭ്യമല്ല | ഒന്നും രണ്ടും അർദ്ധവർഷം |
| 7. | പോസ്റ്റോഫീസ്, ഇടപ്പാവൂർ | 2 | രണ്ടാം അർദ്ധവർഷം |
| 8. | പോസ്റ്റോഫീസ്, കോറ്റാത്തൂർ | 3 | രണ്ടാം അർദ്ധവർഷം |
| 9. | പോസ്റ്റോഫീസ്, കാഞ്ഞീറ്റുകര | 3 | രണ്ടാം അർദ്ധവർഷം |
| 10. | സിവിൽ സപ്ലൈസ് മാവേലി സ്റ്റോർ, ഇടപ്പാവൂർ | 1 | രണ്ടാം അർദ്ധവർഷം |
| 11. | സിവിൽ സപ്ലൈസ് മാവേലി സ്റ്റോർ, അയിരൂർ | വിവരം ലഭ്യമല്ല | ഒന്നും രണ്ടും അർദ്ധവർഷം |
| 12. | ക്ഷീരോൽപാദക സഹകരണ സംഘം, തടിയൂർ | വിവരം ലഭ്യമല്ല | ഒന്നും രണ്ടും അർദ്ധവർഷം |
| 13. | അയിരൂർ പുതിയകാവ് ദേവസ്വം, ആറന്മുള ഗ്രൂപ്പ് | വിവരം ലഭ്യമല്ല | ഒന്നും രണ്ടും അർദ്ധവർഷം |
| 14. | ജെ എം ജെ ഫിനാൻസ് ലിമിറ്റഡ്, അയിരൂർ | 8 | രണ്ടാം അർദ്ധവർഷം |
| 15. | പുത്തൻ ശബരിമല തടിയൂർ രാജരാജേശ്വരി ക്ഷേത്രം, തിരുവിതാംകൂർ ദേവസ്വം ബോർഡ് | 4 | ഒന്നാം അർദ്ധവർഷം |
| 16. | എൽ.പി.എസ്. മൂക്കന്നൂർ | 1 | ഒന്നും രണ്ടും അർദ്ധവർഷം |

| | | | |
|---|---|---|---|
| 17. | കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ് | 1 | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കുവരുത്തുവാൻ ബാധ്യതയുള്ള മുഴുവൻ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 മുൻ വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല

2023-24-ലെ തൊഴിൽ നികുതി ഇനത്തിലുള്ള കുടിശ്ശിക മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 39950 രൂപയാണ്. പ്രസ്തുത കുടിശ്ശിക 2024-25 വർഷം പിരിച്ചെടുത്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക തുക ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.36/16.07.2025) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കുകയോ തൊഴിൽനികുതി ഇനത്തിലെ ഡിമാന്റ് സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിയ്ക്കുകയോ ചെയ്യുന്നില്ല. വരവ് തന്നെ ഡിമാന്റ് ആയി രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ജീവനക്കാരുടെ തൊഴിൽ നികുതി | 961980 | 961980 | 0 |

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നില്ലെന്നാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തൻ വർഷം പതിനേഴ് സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശികത്തുക കണക്കാക്കുകയോ അരിയർ ഡിമാന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തൊഴിൽനികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ച മൂലം പഞ്ചായത്തിന് നികുതി പിരിവിൽ ചോർച്ച ഉണ്ടായിട്ടുണ്ട്. തൻവർഷത്തെ കുടിശ്ശികത്തുക കൃത്യമായി കണക്കാക്കേണ്ടതും അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമല്ല; ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2024-25 വർഷം വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പിരിവിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷം 265 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്ന സ്ഥാനത്ത് തൻ വർഷം 267 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

നികുതി/ഫീസ് പിരിവിന് ചുമതലയുള്ള ഉദ്യോഗസ്ഥർ തങ്ങൾക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽനിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ വസ്തു നികുതി ഒഴികെയുള്ള നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ആലോചനകളോ, നിർദ്ദേശങ്ങളോ കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് കണ്ടു. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നികുതി-

നികുതിയേതര വരുമാനം സമാഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതും ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ വസ്തുനികുതി ഇനത്തിൽ 960494 രൂപ കുടിശ്ശിക ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Buildings (Current) | 412984 |
| Receivables For Property Tax On Residential Buildings (Arrears) | 136158 |
| Receivables For Property Tax On Non- Residential Buildings (Current) | 147590 |
| Receivables For Property Tax On Non- Residential Buildings (Arrears) | 263762 |

കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിവരം, അവ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.10/11.07.2025) നല്കിയിരുന്നു. ആയതിന് മറുപടിയായി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഓരോ വാർഡിലെയും ക്ലർക്കുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-16 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

വസ്തുനികുതി നിർണ്ണയത്തിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുന്ന സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോട് ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതു മൂലവും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതുവഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ.(എം.എസ്)നം.77/2023തസ്വഭവ തീയതി 22.03.2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും ഫാറം 9ബി-ൽ സമർപ്പിക്കപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്.

അയിരൂർ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പരിശോധനാ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത്, ഫീൽഡ് പരിശോധന നടത്തി, വിവരം ശേഖരണവും നികുതി പുനർനിർണ്ണയവും പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതിന് മറുപടിയായി ഫീൽഡ് പരിശോധന നടത്തുന്നതിന് ഇന്റർവ്യൂ നടത്തിയെങ്കിലും ആരും തയ്യാറാകാതിരുന്ന സാഹചര്യത്തിൽ വിവര ശേഖരണം നടത്താൻ കഴിഞ്ഞിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർ നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വിവരശേഖരണം പൂർത്തിയാക്കി വസ്തുനികുതി പരിഷ്കരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകേണ്ടതാണ്.

## 1-17 ധാതു ഗതാഗത പെർമിറ്റ് - തുടർനടപടികൾ സ്വീകരിച്ചില്ല

കെട്ടിട നിർമ്മാണ സ്ഥലത്തുനിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനായി ധാതു ഗതാഗത പെർമിറ്റ് എടുത്ത് ഒരു വർഷത്തിനുശേഷവും നിർമ്മാണം ആരംഭിക്കാത്ത വ്യക്തികൾക്കെതിരെ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം(6) പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കണം. പ്രസ്തുത വിവരം പെർമിറ്റ് നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും വേണം. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം(7) പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോയൽറ്റിക്ക് പുറമെ റോയൽറ്റിയുടെ അഞ്ച് മടങ്ങ് പിഴ അടക്കാൻ ധാതുഗതാഗത പെർമിറ്റിന്റെ ഉടമ ബാധ്യസ്ഥൻ ആയിരിക്കും.

ചുവടെ ചേർക്കുന്ന വ്യക്തികൾ ധാതു ഗതാഗത പെർമിറ്റ് എടുത്ത് ഒരു വർഷത്തിന് ശേഷവും കെട്ടിട

നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി.

| ക്രമ നം | പെർമിറ്റ് ലഭിച്ചയാളുടെ പേരും വിലാസവും | ബിൽഡിംഗ് പെർമിറ്റിന്റെ വിവരങ്ങൾ | ധാതുഗതാഗത പെർമിറ്റിന്റെ വിവരങ്ങൾ | ധാതു ഗതാഗത പെർമിറ്റിന്റെ കാലാവധി | ഖനനം ചെയ്യേണ്ട മണ്ണിന്റെ അളവ് |
|---|---|---|---|---|---|
| 1 | കൊച്ചുമോൻ പി.ജെ<br>പുത്തൻപറമ്പിൽ<br>അയിരൂർ സൗത്ത് | BA(322050/2023)/04-10-2023 | എസ്.സി2-6242/23/ 05-10-2023 | 13-11-2023 മുതൽ 27-11-2023 വരെ | 405.994 MT |
| 2 | വൈശാഖ് വി നായർ<br>വാളിക്കൽ പുത്തൻവീട്<br>കാഞ്ഞീറ്റുകര പി.ഒ | BA( 418730/2023)/15-12-2023 | എസ്.സി2-7140/23/ 18-12-2023 | 21-12-2023 മുതൽ 30-12-2023 വരെ | 887 MT |
| 3 | ഉഷ തോമസ്<br>കാഞ്ഞിരംനിൽക്കുന്നതിൽ വീട്<br>വെള്ളിയറ പി.ഒ | BA( 367753/2023)/08-11-2023 | എസ്.സി2-6786/23/ 17-11-2023 | 08-01-2024 മുതൽ 15-01-2024 വരെ | 867 MT |
| 4 | മാത്യൂസ് ജേക്കബ്<br>തയ്യിൽ പ്ലാച്ചേരിൽ<br>വെള്ളിയറ പി.ഒ | BA(36254/2023)/16-10-2023 | എസ്.സി3-6241/23/ 05-10-2023 | 20-10-2023 മുതൽ 02-11-2023 വരെ | 1073.54 MT |

മേൽപറഞ്ഞ പെർമിറ്റ് ഉടമകൾക്കെതിരെ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.39/16-07-2025) നൽകിയിരുന്നു. മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 3 വരെ വ്യക്തികൾ വീട് പണി തുടങ്ങിയിട്ടില്ലെന്നും, ക്രമ നമ്പർ 4 പ്രകാരമുള്ള വ്യക്തി മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി നടത്തിയപ്പോൾ പാറ കണ്ടതിനാൽ ആയത് നീക്കം ചെയ്യുന്നതിന് അനുമതിക്കായി മൈനിംഗ് & ജിയോളജി വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ധാതു ഗതാഗത പെർമിറ്റ് എടുത്തതിനുശേഷം നിശ്ചിത സമയപരിധിക്ക് ശേഷവും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത വ്യക്തികളിൽ നിന്നും റോയൽറ്റി തുകയുടെ അഞ്ചിരട്ടി തുക ഫൈൻ ഈടാക്കുന്നത് ഉൾപ്പടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിവരം സെക്രട്ടറി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം- പാഴ്ചെലവ് തടയാനായില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കുന്നത് സംബന്ധിച്ച മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം പഞ്ചായത്തിന് പാലിക്കാനായില്ല. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ നിസ്സംഗത തുടരുന്നു.

2023 നവംമ്പർ മാസം വരെ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഇനത്തിൽ തുക ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഈയിനത്തിൽ തുക ഒടുക്കിയിട്ടില്ല. 243 ടാപ്പുകൾക്ക് പ്രതിമാസം 294820 രൂപ ക്രമത്തിൽ ഇതുവരെയുള്ള കുടിശ്ശികയും ഫൈനും ഉൾപ്പെടെ 26985084 രൂപ ആണ് 2025 ഫെബ്രുവരി മാസം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ പൊതുടാപ്പുകൾ ഒന്നുംതന്നെ നിലനിർത്തേണ്ടതില്ല എന്ന് 14.2.2025-ൽ സെക്രട്ടറി വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നു. എന്നാൽ ഡിസ്ക്കണക്ഷൻ ഫീസ് ഒടുക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനും ഫീസ് ഒടുക്കി ടാപ്പുകൾ ഡിസ്ക്കണക്ട് ചെയ്യുന്നതിനായി പദ്ധതി ഏറ്റെടുക്കുന്നതിനും നടപടികളുണ്ടായില്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം ആയി 2020-21, 2021-22, 2022-23 വർഷങ്ങളിലെ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റി, പി.എച്ച്. സെക്ഷൻ, തിരുവല്ല-യുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിന്റെ 3922000110130637 നമ്പർ അക്കൗണ്ടിലേക്ക് 4496500 രൂപയും, തനത് ഫണ്ടിൽ നിന്ന് അതാത് മാസത്തെ ഡിമാന്റ് പ്രകാരം 22.12.2022 മുതൽ 22.7.2023 വരെയുള്ള 1825721 രൂപയും ഒടുക്കിയിരുന്നതായും, എന്നാൽ അക്കാലയളവിലെ രസീത് ലഭിച്ചിട്ടില്ല എന്നും, ആയത് ലഭ്യമാക്കണമെന്നും അറിയിച്ച്, 23.11.2023-ൽ 6420/2023 നമ്പരായി പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി, തിരുവല്ല പി.എച്ച് സെക്ഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ഒടുക്കിയിട്ടുള്ള തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്നതിനും ടി കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും രസീതുകൾ ലഭ്യമാക്കുകയും ഒടുക്കിയ തുക ഡിമാന്റിൽ കുറവ് ചെയ്യുകയും ഉണ്ടായില്ല.

മുഴുവൻ ടാപ്പുകളും ഡിസ്കണക്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും, ഒടുക്കിയ തുകയുടെ രസീതുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും അന്വേഷിച്ച് 24-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയങ്ങളിൽ തുടർനടപടി സ്വീകരിക്കപ്പെട്ടില്ല എന്നാണ് ഫയലിൽ നിന്ന് വ്യക്തമായത്. കോടികളുടെ ബാദ്ധ്യത

ചുമത്തപ്പെട്ടിട്ടും, ആയത് ഒഴിവാക്കുന്നതിന് ക്രിയാത്മകമായ ഇടപെടൽ ഇതേവരെ ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉണ്ടാകാഞ്ഞത് ഗൗരവതരമാണ്.

വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി മുഴുവൻ പൊതുടാപ്പുകളും ഡിസ്കണക്ട് ചെയ്യുന്നതിലേക്കും, ഒടുക്കിയ തുക വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ വരവാക്കിയത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കുന്നതിലേക്കും നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങിയ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം അവരുടെ പെൻഷൻ യഥാസമയം സസ്പെൻറ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെൻറ് ചെയ്യാത്തതിനാൽ മരണശേഷം ഇവരുടെ അക്കൌണ്ടിലേക്ക് കൈമാറുന്ന തുക അനർഹർ കൈപ്പറ്റാൻ സാധ്യതയുണ്ട്. മരണപ്പെട്ടിട്ടും പെൻഷൻ സസ്പെൻറ് ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ സ്റ്റാറ്റസ് | അനർഹമായി ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | വാസന്തി അമ്മ ജി | 103840600661 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 23-11-2024 | ആക്ടീവ് | 8000 |
| 2 | എബ്രഹാം സി വി | 103840200675 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16-01-2025 | ആക്ടീവ് | 4800 |
| 3 | ശോശാമ്മ | 103840600553 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 21.10.2024 | ആക്ടീവ് | 9600 |
| 4 | ഷീല പുരുഷോത്തമൻ | 103840202990 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14-03-2025 | ആക്ടീവ് | 1600 |
| 5 | ലക്ഷ്മിക്കുട്ടിയമ്മ | 103840202149 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11-09-2024 | ആക്ടീവ് | 11200 |
| 6 | വി.വി തങ്കപ്പൻ | 103840100169 | കർഷക തൊഴിലാളി പെൻഷൻ | 03-01-2025 | ആക്ടീവ് | 4800 |
| 7 | കൃഷ്ണൻ ജി | 103840203462 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31-10-2024 | ആക്ടീവ് | 9600 |
| 8 | ഉത്തമൻ നായർ | 103840203032 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15-12-2024 | ആക്ടീവ് | 6400 |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ മരണപ്പെട്ടതായി കണ്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളിലെ കൃത്യത മരണ രജിസ്റ്ററും സേവന പെൻഷൻ ഡാറ്റയുമായി ഒത്തുനോക്കിയും, ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും ഉറപ്പുവരുത്തി വിശദാംശം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 43, 17.07.2025) മറുപടി നൽകിയില്ല. മേൽസൂചിപ്പിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളിലെ കൃത്യത ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും, അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 മാനവമൈത്രി ചതയദിന ജലോത്സവം- പദ്ധതിച്ചെലവിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മാനവമൈത്രി ചതയദിന ജലോത്സവം 2024 |
| നിർവ്വഹണ രീതി | നേരിട്ടുള്ള നിർവ്വഹണം |
| അടങ്കൽ | 500000 (തനത് ഫണ്ട്- 450000, മറ്റിനം- 50000) |
| ചെലവ് | 407357 (തനത് ഫണ്ട്) |

മാനവമൈത്രി ചതയദിന ജലോത്സവത്തിന്റെ സംഘാടനത്തിനും ജലോത്സവത്തിൽ പങ്കെടുത്ത പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനുമായി ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതിക്ക് തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി തേടിയെങ്കിലും ലഭ്യമായിട്ടില്ല.

2024 സെപ്റ്റംബർ 17- ന് നടത്തിയ മാനവമൈത്രി ചതയദിന ജലോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതിക്കുണ്ടായ ചെലവ് ചുവടെ പറയുംപ്രകാരമാണ്.

| ക്രമ നമ്പർ | ചെലവിനം | ചെലവ് |
|---|---|---|
| 1 | 19 പള്ളിയോടങ്ങൾക്ക് 17500 രൂപ വീതം ഗ്രാന്റ് നൽകിയത് | 332500 |
| 2 | മൈക്ക്, ജനറേറ്റർ | 23500 |
| 3 | സ്റ്റേജ്, പവലിയൻ | 35450 |
| 4 | പ്രിന്റിംഗ് ചാർജ് | 10207 |
| 5 | ക്ഷേത്രക്കടവ് വൃത്തിയാക്കിയത് | 5700 |
| ആകെ ചെലവ് | | 407357 |

അയിരൂർ പുതിയകാവ് ക്ഷേത്രക്കടവിൽ ഓണനാളിലെ ചതയദിനത്തിൽ നടത്തിയ മാനവമൈത്രി ചതയദിന ജലോത്സവത്തിൽ പങ്കെടുത്ത 19 പള്ളിയോടങ്ങൾക്ക് 17500 രൂപ വീതം ഗ്രാന്റ് നൽകുന്നത് സാധൂകരിച്ച് നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 7.5.2024-ലെ 9(1) നമ്പർ തീരുമാനപ്രകാരം അഭ്യർത്ഥിച്ച് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി 25.7.24- ന് JC3/2790/24 നമ്പരായി തദ്ദേശഭരണ ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം ഗ്രാന്റ് അനുവദിക്കുന്നതിന് അനുമതിക്കായി കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിച്ച് 22.7.2024-ലെ 9(1) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു. എന്നാൽ നാളിതുവരെ ഇപ്രകാരമുള്ള ചെലവിന് സാധൂകരണമോ അനുമതിയോ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് 38-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിച്ചെലവ് സാധൂകരിച്ചുകൊണ്ട് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കിയശേഷം അറിയിക്കേണ്ടതാണ്.

## 1-21 റ്റേക്ക്-ഏ-ബ്രേക്ക് ടോയ് ലറ്റ് -ഓഡിറ്റ് പരാമർശത്തിന്മേൽ നടപടിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന 2022-23 ലെ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ചിരുന്ന റ്റേക്ക്-ഏ-ബ്രേക്ക് ടോയ് ലറ്റ് കോംപ്ലക്സ് പരിപാലനം ഇല്ലാതെ കാട് മൂടി നശിച്ച് കിടക്കുന്നത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. കെട്ടിടനിർമ്മാണത്തിന് 978565 രൂപയും ചുറ്റുമതിലിന് 188771 രൂപയും ഉൾപ്പെടെ ആകെ 1167336 രൂപ ചെലവഴിച്ച് നിർമ്മിച്ച ടോയ് ലറ്റ് കോംപ്ലക്സ് നിലവിലും പരിപാലനം ഇല്ലാതെ നാശോന്മുഖമായും കാട് മൂടിയ നിലയിലും കിടക്കുന്നത് കണ്ടു. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കാഞ്ഞത് എന്ത് സാഹചര്യത്തിലാണ് എന്ന് ആരാഞ്ഞ് 23-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിപ്പണം വിനിയോഗിച്ച് നിർമ്മിച്ച ആസ്തി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താതെ ഉപേക്ഷിച്ച് കിടക്കുന്നത് അഭിലഷണീയമല്ല. മുൻവർഷത്തെ ഓഡിറ്റ് ഇത് സംബന്ധിച്ച് നൽകിയ നിർദ്ദേശം പാലിയ്ക്കാൻ യാതൊരു നടപടിയും സ്വീകരിക്കാഞ്ഞതും ഗൗരവതരമാണ്. പരിഹാരനടപടികൾ സത്വരം സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 പഞ്ചായത്തിന് സ്വന്തമായി എം.സി.എഫ് ഇല്ല

ഗ്രാമപഞ്ചായത്തിലെ 2 എം.സി.എഫ് കൾ താൽകാലിക വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇത് കാരണം പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനലക്ഷ്യം കൈവരിക്കാത്തതായി കാണുന്നു. പഞ്ചായത്ത് കെട്ടിടത്തിന്റെ ചുറ്റിലും, പഞ്ചായത്ത് പരിധിയിലെ മിനി എം.സി.എഫ്-കളുടെ ചുറ്റിലുമായി ഹരിതകർമ്മസേന ശേഖരിച്ച മാലിന്യം കുന്നുകൂടി കിടക്കുകയാണ്. ഏതാനും ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.









എം.സി.എഫ് സംവിധാനത്തിന്റെ അഭാവം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33, 15.07.2025) മറുപടി ലഭ്യമായില്ല. സ്ഥിരമായി എം.സി.എഫ് സംവിധാനം അരഭിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ആശ്രയ പദ്ധതി നടപ്പാക്കുന്നില്ല- അക്കൗണ്ടിൽ 11 ലക്ഷം

അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ഓവർസീസ് ബാങ്ക് അയിരൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (നം. 037401000017508) 1130162 രൂപ ബാലൻസ് ഉണ്ട്. തൻവർഷവും മുൻവർഷങ്ങളിലും ആശ്രയയുടെ ഭാഗമായി പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32, 16.07.2025) മറുപടി ലഭിച്ചു. ആകെ 85 ഗുണഭോക്താക്കളാണ് ആശ്രയ പദ്ധതിയിൽ ഉള്ളതെന്നും, ഇവരിൽ പലരും അനർഹരാണെന്നും, വാർഡ് തിരിച്ച് നേരിട്ട് പരിശോധിച്ച് അന്തിമ ഗുണഭോക്താക്കളെ കണ്ടെത്തുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. അനർഹരെ ഒഴിവാക്കി ഗുണഭോക്തൃ ലിസ്റ്റ് പരിഷ്കരിച്ച് അവർക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 ഭിന്നശേഷിക്കാർക്ക് ബഡ്സ് സ്കൂൾ - പദ്ധതികൾ ഏറ്റെടുത്തില്ല

ഭിന്നശേഷിക്കാർക്ക് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും നിസ്സംഗത പുലർത്തി.

ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസകേന്ദ്രങ്ങളും ഇല്ലാത്ത ഗ്രാമപ്പഞ്ചായത്തുകളിൽ കുടുംബശ്രീമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അവ ആരംഭിക്കാവുന്നതാണ് എന്ന് ത്രിതല പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19.4.2022-ലെ സ.ഉ(കൈ) നമ്പർ 84/2022/തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 8.8.1(2)- ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് ആരംഭിക്കുന്ന ബഡ്സ് സ്കൂളുകളിൽ/ ബഡ്സ് പുനരധിവാസ കേന്ദ്രത്തിൽ കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ ചിത്ര പെയിന്റിംഗുകൾ എന്നിവ ഒരുക്കുന്ന പ്രോജക്ടുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിനും ജില്ലാപ്പഞ്ചായത്തിനും ഏറ്റെടുക്കാവുന്നതാണ് എന്നും പ്രസ്തുത ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിൽ 60- ലേറെ ഭിന്നശേഷിക്കാർ ഉണ്ട് എന്ന് അവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ ഫയലിൽ നിന്ന് വ്യക്തമായി. എന്നാൽ ഇപ്രകാരം ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനോ പദ്ധതി ആവിഷ്ക്കരിക്കുന്നതിനോ യാതൊരു നടപടിയും ഭരണതലത്തിൽ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്ത് നിന്ന് ക്രിയാത്മകമായ നടപടി ഉണ്ടായില്ല. അപാകത്തിന്മേൽ 29 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിലേക്കും പദ്ധതി ആവിഷ്ക്കരിക്കുന്നതിലേക്കും നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല

2024-25 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ 89 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണമാണ് നടന്നിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളൊന്നും തന്നെ ഇൻഷ്വർ ചെയ്തിട്ടില്ല. അസ്സിസ്റ്റന്റ് എൻജിനീയർ കരാറുകാരന് നൽകിയ ലൈറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ വച്ചു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം പ്രവൃത്തി ഇൻഷ്വർ ചെയ്ത് കരാറുകാരൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പ്രവൃത്തി ഇൻഷ്വർ ചെയ്തില്ലായെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്. ഇതിൽ ചുവടെ പറയുന്ന 8 പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളിലും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഫൈൻ ഈടാക്കിയിട്ടുണ്ട്. ഫൈൻ ഈടാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്റ്റിന്റെ നമ്പരും പേരും | കരാർ തുക | കരാർ തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | മഞ്ഞിനാംകുഴി കുരുവിക്കുഴി റോഡിൽ കലുങ്ക് നിർമ്മാണം (30/25) | 423596 | 24-01-2025 | എം.വി ബാലചന്ദ്രൻ നായർ |
| 2 | പനംപ്ലാക്കൽ പുതുകുളങ്ങര റോഡ് മെയിന്റനൻസ് (361/24, 297/25) | 390158 | 15-07-2024 | കൊച്ചുമോൻ പി.ജെ |
| 3 | ആലുങ്കൽപ്പടി കർമ്മേൽപടി റോഡ് കോൺക്രീറ്റ് (66/25) | 145806 | 07-03-2025 | എം.വി ബാലചന്ദ്രൻ നായർ |
| 4 | ളാഹേത്ത് പടി മരുതുവേലിൽ ഭാഗം റോഡ് മെയിന്റനൻസ് (18/25) | 100959 | 05-12-2024 | എം.വി ബാലചന്ദ്രൻ നായർ |
| 5 | ചിരട്ടോലി -ചിരട്ടോലി തടം റോഡ് കോൺക്രീറ്റിംഗ് (123/25) | 101250 | 05-12-2024 | എം.വി ബാലചന്ദ്രൻ നായർ |
| 6 | തോട്ടപ്പുറം വല്ലിയാനമല റോഡ് കോൺക്രീറ്റിംഗ് (136/25) | 99554 | 05-12-2024 | എം.വി ബാലചന്ദ്രൻ നായർ |
| 7 | വട്ടോലിൽ വാനേത്ത് റോഡ് കോൺക്രീറ്റിംഗ് (90/25) | 95874 | 05-12-2024 | എം.വി ബാലചന്ദ്രൻ നായർ |
| 8 | പടിഞ്ഞാറ്റേതിൽപ്പടി ഓലിക്കൽ റോഡ് കോൺക്രീറ്റിംഗ് ( 81/25) | 102225 | 04-12-2024 | കെ.വി രവീന്ദ്രനാഥൻ നായർ |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം- 12/14-07-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ പറഞ്ഞത് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും ഫൈൻ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾ ഇൻഷ്വർ ചെയ്ത് കരാറുകാരനിൽ നിന്നും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതും അല്ലാത്തപ്പക്ഷം കരാർ തുകയുടെ 0.2% തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. എഗ്രിമെന്റ് വയ്ക്കുന്ന എല്ലാ പ്രവൃത്തികളും ഇൻഷ്വർ ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചു

ഗ്രാമ പഞ്ചായത്തിലെ അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചവയും ബാക്കിയുള്ളവ വർഷങ്ങളായി സ്പിൽ ഓവറായി തുടരുന്നതുമാണ്.

| ക്രമ നം | പ്രോജക്ടിന്റ പേരും നമ്പരും | പ്രോജക്ടിന്റ തരം | വർഷം | വകയിരുത്തിയ തുക | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | 76-ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണം (248/23) | പുതിയത് | 2022-23 | 1100000 | അവശ്യമായ ഫണ്ട് ലഭ്യമാകാത്തതിനാൽ ഉപേക്ഷിച്ചു |
| | ,, (191/24) | സ്പിൽ ഓവർ | 2023-24 | 1100000 | |
| 2 | 81-ാം നമ്പർ അങ്കണവാടിക്ക് ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് (230/22) | പുതിയത് | 2021-22 | 100000 | നിലവിലുള്ള ടോയിലറ്റ് മെയിന്റനൻസ് ചെയ്ത് ഉപയോഗിക്കുന്നതിനായി തീരുമാനമെടുത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | (52/23) ,, | സ്പിൽ ഓവർ | 2022-23 | 100000 | |

| | | | | | |
|---|---|---|---|---|---|
| 3 | അമ്പലപ്പടി പനച്ചിക്കൽ കൊക്കാംപള്ളി റോഡ് മെയിന്റനൻസ് (207/23) | പുതിയത് | 2022-23 | 300000 | ടെണ്ടർ,റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറുകാർ ഏറ്റെടുക്കാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | ,, (194/24) | സ്പിൽ ഓവർ | 2023-24 | 300000 | |
| 4 | ഐക്കരമല- നിരവത്ത് ഓട നിർമ്മാണം (321/24) | പുതിയത് | 2023-24 | 490000 | ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | ,, (295/25) | സ്പിൽ ഓവർ | 2024-25 | 490000 | |
| 5 | കടപേഴുംകാലാപടി ചിറപ്പുറം റോഡ് മെയിന്റനൻസ് (36/24) | പുതിയത് | 2023-24 | 493000 | പ്രവൃത്തി പൂർത്തീകരിച്ചു |
| | ,, (110/25) | സ്പിൽ ഓവർ | 2024-25 | 500000 | |
| 6 | കുളത്തിങ്കൽ ബെന്നിപ്പടി റോഡ് റീടാറിംഗ് (142/23) | പുതിയത് | 2022-23 | 275000 | ടെണ്ടർ,റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറുകാർ ഏറ്റെടുക്കാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | ,, (195/24) | സ്പിൽ ഓവർ | 2023-24 | 275000 | |
| 7 | കൃഷി ഭവൻ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ (199/23) | പുതിയത് | 2022-23 | 510365 | പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനമെടുത്തതിനാൽ മെയിന്റനൻസ് ഉപേക്ഷിച്ചു |
| | ,, (200/24) | സ്പിൽ ഓവർ | 2023-24 | 605935 | |
| 8 | ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾ (345/24) | പുതിയത് | 2023-24 | 54000 | സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | , ,(262/25) | സ്പിൽ ഓവർ | 2024-25 | 54000 | |
| 9 | തോട്ടപ്പുറം നാല് സെന്റ് കോളനി റീടാറിംഗ് (213/23) | പുതിയത് | 2022-23 | 330000 | ടെണ്ടർ,റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറുകാർ ഏറ്റെടുക്കാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | ,,(198/24) | സ്പിൽ ഓവർ | 2023-24 | 330000 | |
| 10 | പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ ദ്രവമാലിന്യ സംസ്ക്കരണ പദ്ധതി (193/22) | പുതിയത് | 2021-22 | 700000 | പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രോജക്ട് ഉപേക്ഷിച്ചു |
| | ,, (42/23) | സ്പിൽ ഓവർ | 2022-23 | 700000 | |
| 11 | പന്നികുന്ന് വാര്യത്ത്പടി റോഡ് മെയിന്റനൻസ് (80/24) | പുതിയത് | 2023-24 | 360000 | ടെണ്ടർ,റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും കരാറുകാർ ഏറ്റെടുക്കാത്തതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു |
| | ,, (293/25) | സ്പിൽ ഓവർ | 2024-25 | 360000 | |
| 12 | പുത്തൻ ശബരിമല റോഡ് നവീകരണം (249/23) | പുതിയത് | 2022-23 | 460000 | ടെണ്ടർ,റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | ,, (195/24) | സ്പിൽ ഓവർ | 2023-24 | 460000 | കരാറുകാർ ഏറ്റെടുക്കാത്തതിനാൽ പ്രോജക്ക് ഉപേക്ഷിച്ചു |
| 13 | പുത്തൻ ശബരിമല ഇടത്താവളത്തിൽ ശുചിമുറി നിർമ്മാണം (255/23) | പുതിയത് | 2022-23 | 600000 | പൂർത്തീകരിച്ച പ്രോജക്ടാണ്. ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാത്തതിനാൽ സ്പിൽ ഓവറായി തുടരുന്നു |
| | ,, (192/24) | സ്പിൽ ഓവർ | 2023-24 | 600000 | |
| | ,, (235/25) | സ്പിൽ ഓവർ | 2024-25 | 600000 | |
| 14 | പ്ലാങ്കമൺ സബ്ബ് സെന്റർ നിർമ്മാണം (286/24) | പുതിയത് | 2023-24 | 2775000 | പാർട്ട് ബിൽ മാറിയിട്ടുണ്ട്. നിർവ്വഹണം തുടരുന്നു |
| | ,, (370/25) | സ്പിൽ ഓവർ | 2024-25 | 2775000 | |
| 15 | ശാരദാവിലാസം എൽ.പി.എസ് ചുറ്റുമതിൽ (309/24 | പുതിയത് | 2023-24 | 2500000 | പ്രവൃത്തി തുടരുന്നു |
| | , (294/25) | സ്പിൽ ഓവർ | 2024-25 | 250000 | |

മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ ഭൂരിഭാഗവും വർഷങ്ങളായി സ്പിൽ ഓവറായി തുടരുന്നതും ബാക്കി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചവയുമാണ്. പ്രസ്തുത പ്രവൃത്തികൾ എഗ്രിമെന്റ് വച്ചതിന് ശേഷം പൂർത്തീകരിക്കാത്ത സാഹചര്യമാണെങ്കിൽ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, എഗ്രിമെന്റ് വച്ചവയുടെ വിശദാംശങ്ങൾ, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-4/12-07-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

വ്യക്തമായ ലക്ഷ്യമില്ലാതെ പ്രോജക്ട് തയ്യാറാക്കുന്നത് മൂലം ലഭ്യമാകുന്ന ഫണ്ട് നഷ്ടമാകുന്നതിന് കാരണമാകുന്നു. ആയതിനാൽ നടപ്പിലാക്കാൻ കഴിയുന്ന പ്രവൃത്തികൾ മാത്രം ഏറ്റെടുക്കുന്നതിനും കൃത്യമായി പൂർത്തീകരിക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-27 യഥാസമയം കരാർ ചമക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള ഫൈൻ ഈടാക്കിയില്ല

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 പ്രവൃത്തി ദിവസത്തിനകം ടെണ്ടർ ലഭിച്ച ആൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമക്കേണ്ടതാണ്. ഇതിന് കഴിഞ്ഞില്ലെങ്കിൽ തുടർന്ന് 10 ദിവസം കൂടി കരാർ തുകയുടെ 1% ഫൈൻ ആയി അടച്ചതിന് ശേഷം കരാറിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ സമയപരിധിക്കുള്ളിൽ കരാർ ചമക്കാതിരുന്നവരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | അംഗീകരിച്ച കരാർ തുക | കരാറുകാരന്റെ പേര് | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വക്കാവുന്ന അവസാന തീയതി | കരാർ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക |
|---|---|---|---|---|---|---|---|
| 1 | പുതിയത്ത്പടി -ധർമ്മശാസ്ത്രാക്ഷേത്രം റോഡ് മെയിന്റനൻസ് (340/24, 292/25) | 273021 | സുരേഷ് കുമാർ.വി | 16-03-2024 | 08-04-2024 | 08-08-2024 | 2730 |
| 2 | കടയാർ കോളനി റോഡ് മെയിന്റനൻസ് (151/24, 192/25) | 166166 | രാഹുൽ രാജ്.ബി | 16-02-2024 | 11-03-2024 | 20-03-2024 | 1662 |

പ്രസ്തുത അപാകതക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-11/11-07-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടി പ്രകാരം കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൈൻ ഈടാക്കി മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-28 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല

അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികളിൽ യഥാസമയം പൂർത്തീകരിക്കതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം

മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലായെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം (അഞ്ചിലൊന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർതുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മുന്ന് മാസത്തിനും കരാർതുകയുടെ രണ്ട് ശതമാനം പിഴ ചുമത്തിക്കൊണ്ടും കാലാവധി നീട്ടി നൽകാവുന്നതാണ്. ഇപ്രകാരം ഫൈൻ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) **<u>വില്ലോത്ത് മുക്ക് ചുഴുകുന്നിൽ റോഡ് മെയിന്റനൻസ്</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | **വില്ലോത്ത് മുക്ക് ചുഴുകുന്നിൽ റോഡ് മെയിന്റനൻസ് (107/24, 224/25)** |
| അടങ്കൽ | 235000 ( MG-R) |
| കരാറുകാരൻ | ശ്രീ രഞ്ജിത് ചന്ദ്രൻ |
| എഗ്രിമെന്റ് നം. | 25/AE/LSGD/Ayr/2023-24 Dated 16-01-2024 |
| PAC | 171856 + 18% Gst |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 15-05-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 17-12-2024 |
| പ്രവൃത്തി മൂല്യം | 171132 |
| ചെലവ് തുക, ബിൽ നം., തീ. | 202644<br>306 Dtd 15-01-2025 |

**എഗ്രിമെന്റ് പ്രകാരം 16-01-2024- ൽ ആരംഭിച്ച പ്രവൃത്തി 15-05-2024 -ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. ചുവടെ പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു**

| | |
|---|---|
| കരാർ തീയതി | 16-01-2024 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 15-05-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 17-12-2024 |
| പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി (കരാർ കാലയളവിന്റെ 20% അധിക സമയം- 24 ദിവസം) | 08-06-2024 |
| 09-06-2024 മുതൽ 08-09-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 1711 |
| 09-09-2024 മുതൽ 08-12-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 3422 |
| 09-12-2024മുതൽ 17-12-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 344 |
| ആകെ ഫൈൻതുക | 5477 |

2) **<u>പുല്ലുവിഴപ്പാറ ലൈഫ് പദ്ധതി സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മാണം</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | **പുല്ലുവിഴപ്പാറ ലൈഫ് പദ്ധതി സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മാണം (170/23, 190/24, 180/25)** |
| അടങ്കൽ | 100000 ( Dev Fund) |
| കരാറുകാരൻ | ശ്രീ രഞ്ജിത് ചന്ദ്രൻ |

| | |
|---|---|
| എഗ്രിമെന്റ് നം. | **30/AE/LSGD/Ayr/2022-23 Dated 21-02-2023** |
| PAC | 83930 + 18% Gst |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 21-06-2023 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 25-03-2024 |
| പ്രവൃത്തി മൂല്യം | 80297 |
| ചെലവ് തുക, ബിൽ നം., തീ. | 94750<br>28 Dtd 09-05-2024 |

**എഗ്രിമെന്റ് പ്രകാരം 21-02-2023 -ൽ ആരംഭിച്ച പ്രവൃത്തി 21-06-2023 -ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. ചുവടെ പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു**

| | |
|---|---|
| കരാർ തീയതി | 21-02-2023 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 21-06-2023 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 25-03-2024 |
| പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി (കരാർ കാലയളവിന്റെ 20% അധിക സമയം- 24 ദിവസം) | 15-07-2023 |
| 16-07-2023 മുതൽ 15-10-2023 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 839 |
| 16-10-2023 മുതൽ 15-01-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 1678 |
| 16-01-2024 മുതൽ 25-03-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 1306 |
| ആകെ ഫൈൻതുക | 3823 |

**3) <u>ഓന്തിമാങ്കൽ കാരമല റോഡ് മെയിന്റനൻസ്</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | **ഓന്തിമാങ്കൽ കാരമല റോഡ് മെയിന്റനൻസ് (295/24,240/25)** |
| അടങ്കൽ | 500000 (MG-R) |
| കരാറുകാരൻ | കൊച്ചുമോൻ പി.ജെ |
| എഗ്രിമെന്റ് നം. | **31/AE/LSGD/Ayr/2023-24 17-01-2024** |
| PAC | 304598+ 18% Gst |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 17-09-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 19-02-2025 |
| ചെലവ് തുക, ബിൽ നം., തീ. | 359426<br>391/21-02-2025 |

**എഗ്രിമെന്റ് പ്രകാരം 17-01-2024 -ൽ ആരംഭിച്ച പ്രവൃത്തി 17-09-2024 -ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. ചുവടെ പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു**

| | |
|---|---|
| കരാർ തീയതി | 17-01-2024 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 17-09-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 19-02-2025 |
| പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി (കരാർ കാലയളവിന്റെ 20% അധിക സമയം- 48 ദിവസം) | 07-11-2024 |
| 08-11-2024 മുതൽ 08-02-2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 3046 |
| 09-02-2025 മുതൽ 19-02-2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 745 |
| ആകെ ഫൈൻ തുക | 3791 |

**4) <u>ചിറപ്പുറം കുന്നുകുഴി കോളനി റോഡ് മെയിന്റനൻസ്</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | **ചിറപ്പുറം കുന്നുകുഴി കോളനി റോഡ് മെയിന്റനൻസ് (243/24, 243/25)** |
| അടങ്കൽ | 252000 (MG_R) |
| കരാറുകാരൻ | കൊച്ചുമോൻ പി.ജെ |
| എഗ്രിമെന്റ് നം. | **28/AE/LSGD/Ayr/2023-24 17-01-2024** |
| PAC | 212841+ 18% Gst |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 17-09-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 30-01-2025 |
| ചെലവ് തുക, ബിൽ നം., തീ. | 251141 355/11-02-2025 |

**എഗ്രിമെന്റ് പ്രകാരം 17-01-2024 - ൽ ആരംഭിച്ച പ്രവൃത്തി 17-09-2024 -ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. ചുവടെ പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു**

| | |
|---|---|
| കരാർ തീയതി | 17-01-2024 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 17-09-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 30-01-2025 |
| പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി (കരാർ കാലയളവിന്റെ 20% അധിക സമയം- 48 ദിവസം) | 07-11-2024 |
| 08-11-2024 മുതൽ 30-01-2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 1963 |
| ആകെ ഫൈൻതുക | 1963 |

**5) <u>125-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ</u>**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | **125-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ (171/24, 260/25)** |
| അടങ്കൽ | 150000 (MG-R) |
| കരാറുകാരൻ | എം വി ബാലചന്ദ്രൻ നായർ |
| എഗ്രിമെന്റ് നം. | **74/AE/LSGD/Ayr/2023-24 16-03-2024** |
| PAC | 125997 + 18% Gst |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 16-09-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 28-03-2025 |
| ചെലവ് തുക, ബിൽ നം., തീ. | 148675 357/11-02-2025 |

**എഗ്രിമെന്റ് പ്രകാരം 16-03-2024 - ൽ ആരംഭിച്ച പ്രവൃത്തി 16-09-2024 -ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. ചുവടെ പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു**

| | |
|---|---|
| കരാർ തീയതി | 16-03-2024 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 16-09-2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 28-03-2025 |
| പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി (കരാർ കാലയളവിന്റെ 20% അധിക സമയം- 36 ദിവസം) | 22-10-2024 |
| 23-10-2024 മുതൽ 23-01-2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 1260 |
| 24-01-2025 മുതൽ 28-03-2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 1652 |
| ആകെ ഫൈൻതുക | 2912 |

മുകളിൽ പറഞ്ഞത് പ്രകാരം എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഫൈൻ ഈടാക്കാതിരുന്ന അപാകതക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ശക്തമായ പേമാരി കാരണമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്നതെന്നാണ് മറുപടിയായി അറിയിച്ചത്. എന്നാൽ ഇതേ സമയം എഗ്രിമെന്റ് വച്ച പ്രവൃത്തികൾ കരാറുകാർ വരുത്തിയ കാലതാമസം മൂലം യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് കൃത്യമായി ഫൈൻ ഈടാക്കാതിരുന്നത് അംഗീകരിക്കാൻ സാധിക്കില്ല. ആയതിനാൽ മുകളിൽ പറഞ്ഞ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനുമായി മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെടുകയും, ഭവന നിർമ്മാണത്തിന് വിവിധ ഗഡുക്കളായി തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്നവർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയത് |
|---|---|---|---|
| 1 | സാലി എം കെ, മുതുപാലക്കൽ | 360000 | 11.04.2019 |
| 2 | കുഞ്ഞമ്മ, കരിംപ്ലാനിൽ | 200000 | 04.07.2019 |
| 3 | ഉഷ, ആലപ്പാട്ട് | 40000 | 05.07.2018 |
| 4 | രതീഷ് ബാബു എം, നാറാണത്തുപറമ്പിൽ | 350000 | 29.09.2022 |
| 5 | ലില്ലിക്കുട്ടി, പുത്തൻപറമ്പിൽ | 300000 | 24.07.2024 |
| 6 | രാജമ്മ, മലമ്പാറ | 200000 | 16.10.2022 |
| 7 | വത്സല, മീനാറിൽ വീട് | 350000 | 25.01.2023 |
| 8 | അനീഷ്കുമാർ, കാവുംപുറത്ത് ലെയിൻ | 340000 | 23.02.2024 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39, 30.10.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2, 3 എന്നിവരൊഴികെ ഭവന നിർമ്മാണം എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. ക്രമ നമ്പർ 2 -ൽ പരാമർശിച്ച വ്യകിതി നിലവിൽ പഞ്ചായത്തിൽ താമസമില്ല എന്നും, ക്രമ നമ്പർ 3 പണം തിരിച്ചടക്കുമെന്നും മറുപടി നൽകി. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഭവനം വാസയോഗ്യമാക്കൽ- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷം ഭവനം വാസയോഗ്യമാക്കൽ എന്ന പ്രോജക്ടുകളിലെ ചില ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1) ഭവനം വാസയോഗ്യമാക്കൽ- എസ്.സി. (S0061/25)

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വിജയമ്മ | 50000 |
| 2 | രാജൻ കെ. ബി. | 50000 |
| 3 | പ്രസന്ന രഘു | 50000 |

2) ഭവനം വാസയോഗ്യമാക്കൽ- ജനറൽ (S0181/25)

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | കുഞ്ഞുമോൾ, തകിടിയിൽ | 25000 |
| 2 | വിൽസൺ റ്റി. ചാക്കോ, തച്ചേടത്ത് | 25000 |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19, 14.07.2025) മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് മറുപടി നൽകി.. പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 ഭരണസമിതി യോഗങ്ങളുടെ മിനിറ്റ്സ് അംഗീകരിക്കുന്നതിൽ കാലതാമസം

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള 2024-25 സാമ്പത്തിക വർഷത്തെ ഭരണസമിതി യോഗങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | യോഗത്തിന്റെ സ്വഭാവം | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 12.04.2024 | സാധാരണ യോഗം | 26.07.2024 | 26.07.2024 |

| | | | | |
|---|---|---|---|---|
| 2 | 07.05.2024 | സാധാരണ യോഗം | 26.07.2024 | 26.07.2024 |
| 3 | 15.05.2024 | അടിയന്തിര യോഗം | 23.07.2024 | 23.07.2024 |
| 4 | 12.06.2024 | സാധാരണ യോഗം | 27.07.2024 | 27.07.2024 |
| 5 | 01.07.2024 | അടിയന്തിര യോഗം | 26.07.2024 | 26.07.2024 |
| 6 | 22.07.2024 | സാധാരണ യോഗം | 03.12.2024 | 03.12.2024 |
| 7 | 14.08.2024 | സാധാരണ യോഗം | 04.12.2024 | 04.12.2024 |
| 8 | 09.09.2024 | സാധാരണ യോഗം | 05.01.2025 | 05.01.2025 |
| 9 | 08.10.2024 | സാധാരണ യോഗം | 13.12.2024 | 13.12.2024 |
| 10 | 14.11.2024 | അടിയന്തിര യോഗം | 04.12.2024 | 04.12.2024 |
| 11 | 05.11.2024 | അടിയന്തിര യോഗം | 11.06.2025 | 11.06.2025 |
| 12 | 10.12.2024 | സാധാരണ യോഗം | 11.06.2025 | 11.06.2025 |
| 13 | 31.12.2024 | സാധാരണ യോഗം | 11.06.2025 | 11.06.2025 |
| 14 | 17.02.2025 | അടിയന്തിര യോഗം | 11.06.2025 | 11.06.2025 |
| 15 | 28.02.2025 | അടിയന്തിര യോഗം | 11.06.2025 | 11.06.2025 |
| 16 | 03.03.2025 | സാധാരണ യോഗം | 26.03.2025 | 26.03.2025 |
| 17 | 14.03.2025 | അടിയന്തിര യോഗം | 11.06.2025 | 11.06.2025 |

മേൽ പരാമർശിച്ചത് കൂടാതെ 25.11.2024, 23.12.2024, 20.01.2025, 22.03.2025 എന്നീ തീയതികളിലെ മിനിറ്റ്സ് പൂർത്തിയാക്കിയിട്ടില്ല. 2024, 2025 വർഷങ്ങളിൽ ആകെ 9 യോഗങ്ങളുടെ മിനിറ്റ്സ് എൻട്രി ആരംഭിക്കാത്തതായും സകർമ്മ പരിശോധിച്ചതിൽ വ്യക്തമായി. ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് യഥാസമയം പൂർത്തിയാക്കി അംഗീകാരം വാങ്ങാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം34, 16.07.25) മറുപടി ലഭിച്ചില്ല. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. മിനിറ്റ്സ് അംഗീകരിക്കുന്നതിലെ കാലതാമസം ഗുരുതരമായ വീഴ്ചയും, യോഗനടപടികളുടെ സുതാര്യതയെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. നാളിതുവരെ മിനിറ്റ്സ് എൻട്രി ആരംഭിക്കാത്ത യോഗങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് യഥാസമയം പൂർത്തിയാക്കി അംഗീകാരം വാങ്ങാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 വി.ഇ.ഒ പ്രോജക്ടുകൾ നടപ്പാക്കിയില്ല

2024-25 സാമ്പത്തിക വർഷം വി.ഇ.ഒ. ഏറ്റെടുത്ത ധാരാളം പ്രവൃത്തികൾ നടപ്പാക്കിയില്ല. പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | | ആകെ ചെലവ് |
|---|---|---|---|
| 54 | സ്വയംതൊഴിൽ ചെയ്യുന്ന വനിതകൾക്ക് ടൂവീലർ സബ്സിഡി | New | 0 |
| 63 | ചാണകപ്പൊടി ഡ്രൈയർ യൂണിറ്റ് | New | 0 |
| 119 | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് യൂണിറ്റ് | New | 0 |

| | | | |
|---|---|---|---|
| 178 | ഭവനം വാസയോഗ്യമാക്കൽ-ആശ്രയ | New | 0 |
| 221 | ഭവനം വാസയോഗ്യമാക്കൽ-ജനറൽ | SO | 0 |
| 264 | അതി തീവ്ര ദരിദ്രർക്ക് മൈക്രോപ്ലാൻ- ടോയ്ലറ്റ് നിർമ്മാണം | SO | 0 |
| 265 | റിട്രോഫിറ്റിംഗ് | SO | 0 |
| 268 | നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല | SO | 0 |
| 270 | ഹരിതകർമ്മ സേനയ്ക്ക് സൗകര്യമൊരുക്കൽ | SO | 0 |
| 273 | ഗാർഹിക ശുചിത്വപദ്ധതി -ജിബിൻ | SO | 0 |
| 274 | ഹരിത കർമ്മ സേന പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് | SO | 0 |
| 275 | ഹരിതകർമ്മ സേനക്ക് IEC BoardCalender | SO | 0 |
| 277 | ഗാർഹിക ശുചിത്വ പദ്ധതി-ജിബിൻ | SO | 0 |
| 339 | വ്യക്തിഗത ഗാർഹിക ശൌച്ചലയം-IHHL | New | 0 |
| 341 | സ്വയംതൊഴിൽ ഗ്രൂപ്പ് സംരംഭം ധനസഹായം-വനിത | New | 0 |

പ്രോജക്ടുകൾ നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21, 14.07.2025) മറുപടി ലഭിച്ചു. മേൽ പ്രോജക്ടുകളിൽ പലതും അർഹരായ ഗുണഭോക്താക്കളില്ല എന്ന കാരണത്താലാണ് നടപ്പിലാക്കാൻ സാധിക്കാത്തത് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ആവശ്യകത ഉറപ്പു വരുത്തേണ്ടതാണ്. ഭാവിയിൽ പ്രോജക്ടുകൾ എല്ലാം പൂർണ്ണമായും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിക്കൽ (282/24, 347/25) |
| വകയിരുത്തിയ തുക | 100000 (ശുചിത്വമിഷൻ ഫണ്ട്) |
| ചെലവഴിച്ച തുക | 98713 |
| ചെക്ക് നമ്പരും തീയതിയും | 6861211 തീയതി 21-03-2025 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | അസ്സിസ്റ്റന്റ് എൻജിനീയർ |

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ശുചിത്വമിഷൻ ഫണ്ടിനത്തിൽ 100000 രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് ഓഫീസിലും തടിയൂർ എൻ.എസ്.എസ് ഹയർസെക്കന്ററി സ്ക്കുളിലും സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്ക്കരിച്ചിരുന്നു. പ്രോജക്ട് സ്പിൽ ഓവറാക്കി ടെണ്ടർ നടപടികൾ പ്രകാരം എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഡിസ്ട്രോയർ യൂണിറ്റ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ തടിയൂർ എൻ.എസ്.എസ് ഹയർസെക്കന്ററി സ്ക്കുളിൽ സ്ഥാപിച്ചിട്ടുള്ള ഡിസ്ട്രോയർ യൂണിറ്റ് പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് പുറകിലുള്ള ബാത്ത് റൂമിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റ് നിലവിലും പ്രവർത്തനക്ഷമമല്ല. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി വൈദ്യുതി കണക്ഷൻ പോലും നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിൽ സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ് ആവശ്യമില്ലായെങ്കിൽ ആവശ്യമുള്ള ഏതെങ്കിലും സ്ഥാപനത്തിന് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്.



**സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ്**

ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള സാനിറ്ററി പാഡ് ഡിസ്ട്രോയർ യൂണിറ്റ് ഇപ്പോഴും പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 49356 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത യൂണിറ്റ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ളതും ആവശ്യമുള്ളതുമായ ഏതെങ്കിലും സ്ഥാപനത്തിന് കൈമാറി ഓഡിറ്റിന് മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-34 ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭ അംഗീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (179/25) |
| വകയിരുത്തിയ തുക | 190000 – Dev Fund |
| ചെലവ് തുക | 94800 |
| ബിൽ നമ്പരും തീയതിയും | 586/25-03-2025 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | എച്ച്.എം, ജി.എൽ.പി.എസ് അയിരൂർ |

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 20 വിദ്യാർത്ഥികൾക്കാണ് വിതരണ രേഖകൾ പ്രകാരം മേശയും കസേരയും വിതരണം ചെയ്തിട്ടുള്ളത്. ടെണ്ടർ നടപടികൾ പ്രകാരം ഏദൻ ട്രെഡേഴ്സ്, തടിയൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് 4740 രൂപയായിരുന്നു. ഗുണഭോക്താക്കളുടെ അർഹത മുൻകൂറായി ഗ്രാമസഭ അംഗീകരിക്കുകയോ ആനുകൂല്യം നൽകിയശേഷം അംഗീകരിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല.

2024-25 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ 35 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. എന്നാൽ ആനുകൂല്യം നൽകിയിരിക്കുന്നത് 20 ഗുണഭോക്താക്കൾക്ക് മാത്രമാണ്. ആവശ്യത്തിന് തുക പ്രോജക്ടിൽ വകയിരുത്തിയിരുന്നെങ്കിലും എല്ലാവർക്കും ആനുകൂല്യം നൽകിയിട്ടില്ല. ആയതിനാൽ ചെലവിന് ശേഷമുള്ള തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായി. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-22/14-07-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിന്റെ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത ഗ്രാമസഭയിൽ വച്ച് അംഗീകരിക്കേണ്ടതും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-35 ആംബുലൻസ് ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് 2021 ഒക്ടോബർ 5 ന് സിറ്റിസൺ ഇന്ത്യ ഫൗണ്ടേഷൻ എന്ന എൻ.ജി.ഒ. ഒരു ആംബുലൻസ്(KL-01-CS-8017) ദാനമായി നല്കിയിട്ടുണ്ട്. പഞ്ചായത്തിന് ആംബുലൻസ് സംവിധാനം നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റ് കത്ത് നല്കിയതിനെ തുടർന്നാണ് ടി ഫൌണ്ടേഷൻ ആംബുലൻസ് നല്കിയിട്ടുള്ളത്. പഞ്ചായത്തുമായി ടി സ്ഥാപനം ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരം ആംബുലൻസിന്റെ അറ്റകുറ്റപണികൾ, സർവ്വീസ്, ഇന്ധനച്ചെലവ്, ഡ്രൈവർ ഉൾപ്പെടെയുള്ള

മറ്റ് ആവശ്യങ്ങൾ എന്നിവ പഞ്ചായത്ത് തന്നെ ചെയ്യേണ്ടതാണ്. 2024-25 വർഷത്തിൽ ആംബുലൻസ് വാടകയിനത്തിൽ 37460 രൂപ വരവായി ലഭ്യമായിട്ടുണ്ട്. എന്നാൽ ആംബുലൻസ് വാഹനം ഓടിച്ചതിന് ഡ്രൈവർക്ക് വേതനം, അറ്റകുറ്റപണികൾ, ഇന്ധനച്ചെലവ്, സ്പെയർപാർട്ട്സ് വാങ്ങൽ (ടയർ വാങ്ങൽ ഉൾപ്പെടെ) എന്നിവയ്ക്കായി 2024-25 വർഷം ആകെ ചെലവഴിച്ചത് 1,58,420 രൂപയാണ്. 15.8.2024-ന് ശേഷം ആംബുലൻസ് ഓടിയിട്ടില്ല എന്നും ലോഗ് ബുക്ക് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്.
ആംബുലൻസിന്റെ പ്രവർത്തനത്തിന് ചെലവ് കൂടുതൽ ആണെന്നും ആംബുലൻസ് ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു സബ് കമ്മിറ്റിയെ രൂപീകരിച്ച് തീരുമാനിക്കുകയും ഈ സബ് കമ്മിറ്റിയുടെ നിർദ്ദേശം തൊട്ടടുത്ത ഭരണസമിതിയിൽ ചർച്ച ചെയ്യുന്നതിനും നിർദ്ദേശിച്ച് 12.06.2024ലെ 24(1)-ാം നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(35/16.07.2025) മറുപടിയായി 10.12.2024ലെ 10(1)-ാം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആംബുലൻസ് സർവ്വീസ് പുനരാരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആംബുലൻസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടെങ്കിലും നിലവിലും ഫലപ്രദമായി ഉപയോഗിക്കാത്തതിനാൽ നിഷ്ക്രിയമായി കിടക്കുകയാണ്. ആംബുലൻസ് നിഷ്ക്രയ ആസ്തിയായി മാറാതെ ഫലപ്രദമായി രീതിയിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-36 ഭവനം വാസയോഗ്യമാക്കൽ- മാർഗരേഖക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു

ഭവനം വാസയോഗ്യമാക്കൽ (നം. S0202/25) എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ശാന്ത പി.വി. എന്ന ഗുണഭോക്താവിന് ധനസഹായം നൽകിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം കുറഞ്ഞത് 8 വർഷം കാലപ്പഴക്കമുള്ള കെട്ടിടങ്ങൾക്കാണ് ധനസഹായം അനുവദിക്കാവുന്നത്. മേൽ ഗുണഭോക്താവിന്റെ കെട്ടിടത്തിന് (നം. 16/287A) സഞ്ചയ പ്രകാരം 2019-20-ലാണ് വസ്തുനികുതി നിർണ്ണയിച്ച് നമ്പർ നൽകിയത്. 4 വർഷത്തോളം മാത്രം കാലപ്പഴക്കമുള്ള കെട്ടിടത്തിന് മാർഗ്ഗരേഖക്ക് വിരുദ്ധമായി ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18,12.07.2025) മറുപടി ലഭിച്ചിട്ടുണ്ട്. മേൽ വ്യക്തിക്ക് 2014-15 വർഷം ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളതായും, അറിവില്ലായ്മ മൂലം 2019-20-ലാണ് നമ്പറിംഗിന് അപേക്ഷ നൽകിയതെന്നും മറുപടി നൽകി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി ധനസഹായം നൽകിയതിന് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 ആവശ്യകത നിർണ്ണയിയ്ക്കാതെയുള്ള അടങ്കലിൽ പ്രോജക്ടുകൾ ആവിഷ്ക്കരിയ്ക്കുന്നു

2024-25 സാമ്പത്തിക വർഷം വി.ഇ.ഒ. നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് വകയിരുത്തിയ തുകയിൽ നാമമാത്രമായേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | | അടങ്കൽ | ചെലവ് |
|---|---|---|---|
| S0263/25- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | സ്പിൽ ഓവർ | 242575 | 12345 |
| S0272/25- ശുചിത്വ പദ്ധതി-ഹരിതകർമ്മസേനക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ | സ്പിൽ ഓവർ | 200000 | 24960 |

അടങ്കലിനെ അപേക്ഷിച്ച് ചെലവ് നാമമാത്രമായതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27,15.07.2025) മറുപടി ലഭിച്ചു. പ്രോജക്ടുകൾക്ക് പരമാവധി തുക ചെലവഴിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. വളരെ ചെറിയ തുക മാത്രമായിരുന്നു മേൽ പ്രോജക്ടുകൾക്ക് ആവശ്യമുണ്ടായിരുന്നത് എന്ന് മറുപടിയിൽ വ്യക്തമാണ്. ഭീമമായ അടങ്കൽ തുക വകയിരുത്തുന്നത് വഴി മറ്റ് പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാതെ വരികയും പദ്ധതി നിർവഹണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-38 യഥാസമയം വെള്ളക്കരം അടവാക്കാത്ത സാഹചര്യത്തിൽ ഫൈൻ അടവാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | അയിരൂർ ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ക്കുളുകളുടെ ഓഫീസ് ചെലവ് നൽകൽ (45/25) |
| വകയിരുത്തിയ തുക | 200000 – (MG- R) |

| | |
|---|---|
| ചെലവ് തുക | 142728 |
| ബിൽ നമ്പരും തീയതിയും | 24952- ബിൽ നമ്പർ 567/21-03-2025<br>49897- ബിൽ നമ്പർ 249/23-12-2024<br>40606 - ബിൽ നമ്പർ 553/22-03-2025<br>21900 - ബിൽ നമ്പർ 610/26-03-2025<br>5373 - ബിൽ നമ്പർ 592/26-03-2025 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ് അയിരൂർ |

വിവിധ സ്ക്കുളുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിലുള്ള തുക നൽകുന്നതിന് വേണ്ടിയാണ് ബിൽ നമ്പർ 249/23-12-2024 പ്രകാരം 49897 രൂപയും ബിൽ നമ്പർ 567/21-03-2025 പ്രകാരം 24952 രൂപയും വിനിയോഗിച്ചിട്ടുള്ളത്. തൻമാസത്തെ വെള്ളക്കരം,കുടിശ്ശിക,ഫൈൻ എന്നീ ഇനങ്ങളിലുള്ള തുക നൽകുന്നതിന് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പരും തീയതിയും | ബിൽ തുക | ബിൽ തുകയുടെ വിവരങ്ങൾ |
|---|---:|---|
| 161930185/06-03-2025 | 5321 | ദ്വൈമാസ വാട്ടർ ചാർജ്ജ്-641<br>കുടിശ്ശിക തുക -4500<br>ഫൈൻ- 180 |
| 162935584/18-03-2025 | 4505 | ദ്വൈമാസ വാട്ടർ ചാർജ്ജ്-641<br>കുടിശ്ശിക തുക - 3806<br>ഫൈൻ- 58 |
| 162443835/12-03-2025 | 10883 | ദ്വൈമാസ വാട്ടർ ചാർജ്ജ്-800<br>കുടിശ്ശിക തുക - 9737<br>ഫൈൻ- 346 |
| ബിൽ നമ്പർ വ്യക്തമല്ല | 4243 | കുടിശ്ശിക തുക |
| **1) ആകെ തുക** | **24952** | |
| 153814759/14-11-2024 | 49897 | ദ്വൈമാസ വാട്ടർ ചാർജ്ജ്-1019<br>കുടിശ്ശിക തുക - 47572<br>ഫൈൻ- 1306 |
| **2)ആകെ തുക** | **49897** | |

മുകളിൽ പറഞ്ഞത് പ്രകാരം വെള്ളക്കരം യഥാസമയം അടവാക്കാതിരുന്നത് മൂലം കുടിശ്ശിക ഇനത്തിൽ തുക അടവാക്കേണ്ടി വന്നതിനാലാണ് ഫൈൻ അടവാക്കാനുള്ള സാഹചര്യമുണ്ടായത്. മാസങ്ങളോളം സ്ക്കൂൾ ഹെഡ് മാസ്റ്റർമാർ വെള്ളക്കരം അടവാക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്നും ഫൈൻ തുക അടവാക്കിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 25/14-07-2025) നൽകിയിരുന്നു.

യഥാസമയം വെള്ളക്കരം അടവാക്കാതിരുന്നത് മൂലം ഫൈൻ ഇനത്തിൽ ചെലവഴിക്കേണ്ടി വന്ന 1890 രൂപ ഉത്തരവാദിയായ ഹെഡ് മാസ്റ്റർമാരിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കുന്നതിന് തുക അനുവദിച്ച് നൽകിയ ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ് അയിരൂർ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-39 ജലജീവൻമിഷൻ പദ്ധതിക്ക് നാളിതുവരെ വിഹിതം നൽകിയില്ല

പദ്ധതിക്കായി 2021-22 ൽ 828 ലക്ഷം രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ 7710 ഗാർഹിക കണക്ഷനുകൾ നൽകാനായിരുന്നു വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ഇടപ്പാവൂർ സ്ഥാപിച്ച കിണറിൽ നിന്നും 3-ാം വാർഡിൽ സ്ഥാപിച്ച ടാങ്കിലേക്ക് വെള്ളം എത്തിച്ചാണ്

ഗുണഭോക്താക്കൾക്ക് നൽകുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെട്ടതായി എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് പ്രസിഡന്റ് ഓഡിറ്റിനെ അറിയിച്ചു. എന്നാൽ പദ്ധതിക്കായി നാളിതുവരെ വിഹിതം ഗ്രാമപ്പഞ്ചായത്ത് നൽകിയിട്ടില്ല.

ജലജീവൻ മിഷൻ പദ്ധതിക്കായി വിഹിതം ഒടുക്കുന്നതിന് പദ്ധതി ഏറ്റെടുക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- ഗുണഭോക്താക്കളിൽ നിന്നും സംഘങ്ങൾ അധികമായി തുക ഈടാക്കുന്നു

ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്ത പ്രോജക്ടിൽ ഗുണഭോക്താക്കളിൽ നിന്നും സംഘം അധികമായി തുക ഈടാക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി- (79/25) |
|---|---|
| വകയിരുത്തിയ തുക | 500000 (വികസന ഫണ്ട്)<br>500000 (ഗുണഭോക്തൃവിഹിതം-നേരിട്ട്)<br>ആകെ-1000000 |
| ചെലവിന്റെ വിവരങ്ങൾ | 425123 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഡയറി ഫാം ഇൻസ്ട്രക്ടർ |

പ്രസ്തുത പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ ക്ഷീരോൽപ്പാദക സഹകരണസംഘം മുഖേന വാങ്ങുന്ന കാലിത്തീറ്റയുടെ വിലയിൽ 50% സബ്സിഡിയും 50% ഗുണഭോക്തൃവിഹിതവുമാണ്. എന്നാൽ പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ക്ഷീരസഹകരണസംഘങ്ങൾ അധികമായി തുക ഈടാക്കുന്നതായി കണ്ടു. രണ്ട് ബാഗ് കാലിത്തീറ്റ ഗുണഭോക്താക്കൾ സംഘത്തിൽ നിന്നും വാങ്ങുമ്പോൾ ഒരു ബാഗിന്റെ വില യൂണിറ്റ് കോസ്റ്റിനനുസൃതമായും രണ്ടാമത്തെ ബാഗിന്റെ വില എം.ആർ.പി നിരക്കിലോ അതിൽ കൂടുതലായ നിരക്കിലോ വാങ്ങുന്നതായി കാണാൻ കഴിഞ്ഞു. യൂണിറ്റ് കോസ്റ്റിനനുസൃതമായത് സബ്സിഡിയായും രണ്ടാമത്തെ ബാഗിന്റെ വില ഗുണഭോക്താവ് നേരിട്ട് സ്ഥാപനത്തിൽ അടക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ സ്ഥാപനത്തിൽ അടക്കുന്നതിലാണ് അധികമായ തുക (യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായ തുക) സംഘം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നത് . വിശദമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ തുക (മിൽമ, കേരള ഫീഡ്സ്) | സബ്സിഡി തുക | ഗുണഭോക്താക്കൾ സംഘങ്ങളിൽ അടവാക്കിയ തുക | അധികമായി ഈടാക്കിയ തുക | ക്ഷീരസംഘത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | 92400 | 46200 | 64400 | 18200 | തടിയൂർ കെ.യു.സി.എസ് |
| 2 | 39600 | 19800 | 27600 | 7800 | തടിയൂർ കെ.യു.സി.എസ് |
| 3 | 34850 | 16728 | 22753 | 6025 | പ്ലാങ്കമൺ കെ.യു.സി.എസ് |
| 4 | 105200 | 47340 | 63400 | 16060 | പ്ലാങ്കമൺ കെ.യു.സി.എസ് |
| 5 | 94680 | 47340 | 57060 | 9720 | പ്ലാങ്കമൺ കെ.യു.സി.എസ് |
| 6 | 105200 | 52600 | 63400 | 10800 | തടിയൂർ കെ.യു.സി.എസ് |
| 7 | 104400 | 52200 | 63800 | 11600 | തടിയൂർ കെ.യു.സി.എസ് |
| 8 | 105200 | 52600 | 63400 | 10800 | തടിയൂർ കെ.യു.സി.എസ് |
| 9 | 180630 | 90315 | 112185 | 21870 | തടിയൂർ കെ.യു.സി.എസ് & പ്ലാങ്കമൺ കെ.യു.സി.എസ് |
| **ആകെ** | **862160** | **425123** | **537998** | **112875** | |

മുകളിൽ പറഞ്ഞത് പ്രകാരം ആകെ 9 ബില്ലുകളിലായി 862160 രൂപ മിൽമയിൽ നിന്നും കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങിയ ഇനത്തിൽ ക്ഷീരസഹകരണസംഘങ്ങൾ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 425123 രൂപ

സബ്സിഡി ഇനത്തിൽ (50% തുക) നിർവ്വഹണ ഉദ്യോഗസ്ഥൻ സംഘത്തിന് നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ സംഘം കർഷകരിൽ നിന്നും ഈടാക്കേണ്ടിയിരുന്നത് ബാക്കി 50% തുകയായ 425123 രൂപ മാത്രമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈടാക്കിയിരിക്കുന്ന തുക 537998 രൂപയാണ് . ഇപ്രകാരം 112875 രൂപ വിവിധ ക്ഷീരസഹകരണസംഘങ്ങൾ ഗുണഭോക്താക്കളിൽ നിന്നും അധികമായി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത അപാകതക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-16/14-07-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ കാലിത്തീറ്റ സൂക്ഷിക്കുന്ന സംഘത്തിന്റെ ഗോഡൗൺ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ആയതിന്റെ വാടക കണ്ടെത്തുന്നതിനായാണ് കർഷകരിൽ നിന്നും ഉയർന്ന നിരക്കിൽ തുക ഈടാക്കുന്നതെന്നുമാണ് അറിയിച്ചത്.

പ്രസ്തുത അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ യൂണിറ്റ് നിരക്കിന്റെ 50% എന്ന നിലയിൽ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-41 റീട്രോഫിറ്റിംഗ്- പ്രവൃത്തി പൂർത്തീകരിച്ചില്ല

2024 -25 സാമ്പത്തിക വർഷം വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ റീട്രോഫിറ്റിംഗ് ഫേസ് 2 (പ്രോജക്ട് നം- S0278/25), റീട്രോഫിറ്റിംഗ് ഫേസ് 3 (പ്രോജക്ട് നം- S0266/25) എന്നീ പ്രോജക്ടുകളിൽ ധനസഹായം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ടോയ്‌ലെറ്റിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| 1 | ജയകുമാരി, തിരുവാതിര കൊണ്ടേത്രയിൽ | 5000, 01.02.25 |
| 2 | എം കെ ഗോപാലൻ, മാപ്പൂർ | 5000, 21.02.25 |
| 3 | അമ്മിണി കെ ആർ, വെട്ടുനിരവേൽ | 5000, 21.02.25 |
| 4 | ബെഞ്ചമിൻ മാത്യു, തൊടുവാപ്പുഴ | 5000, 05.03.25<br>4240, 21.03.25 |
| 5 | ചാക്കോ എം വി, മൈലാടുംപാറ | 5000, 05.03.25<br>4240, 21.03.25 |
| 6 | രമ രാജേന്ദ്രൻ, ചിറ്റയിൽ | 5000, 21.02.25 |
| 7 | അനിയൻ പി കെ. തുണ്ടുപുരയിടത്തിൽ | 5000,11.02.25 |
| 8 | സി സി ജോൺ, ചരിവുകാലത്തടത്തിൽ | 5000, 11.02.25 |
| 9 | ലേഖ വി ജി, മൂലംകുഴിമേപ്രത്ത് | 5000, 11.02.25 |
| 10 | റെജീഷ് കെ ജോൺ, കുന്നുംപുറത്ത് | 5000, 11.02.25<br>4240, 20.03.25 |
| 11 | അന്നമ്മ ഡാനിയൽ, മഞ്ഞമാവുങ്കൽ | 5000, 11.02.25 |
| 12 | ഉഷ സുരേഷ്, തറയിൽ വടക്കേതിൽ | 5000, 11.02.25 |
| 13 | സിന്ധു പ്രസാദ്, വാലുമണ്ണിൽ | 5000, 11.02.25<br>4240, 20.03.25 |
| 14 | സിന്ധു ശ്രീകുമാർ, മുരുത്തേൽ കാലായിൽ | 5000, 11.02.25 |
| 15 | തങ്കമണി വിശ്വനാഥൻ, കുളത്തുങ്കൽ | 5000, 11.02.25 |
| 16 | വിമല. തടത്തിൽ | 5000, 11.02.25 |
| 17 | സുലോചന കെ ആർ, തെക്കേകലയിൽ | 5000, 11.02.25 |
| 18 | കെ എം ചാക്കോ, കുന്നുംപുറത്ത് | 5000, 11.02.25 |
| 19 | സാറാമ്മ തോമസ്, കുളത്തുങ്കൽ | 5000, 11.02.25 |
| 20 | സരസ്വതിയമ്മാൾ, പനവന്തറ | 5000, 11.02.25 |
| 21 | ബിന്ദു രത്നകുമാർ, കുമാർ ഭവൻ | 5000, 27.02.25 |
| 22 | പ്രേമ സുനിൽ, കുറവര മതാപ്പാറ | 5000, 11.02.25 |

| | | |
|---|---|---|
| 23 | സുശീല രാമകൃഷ്ണൻ, പള്ളിവടക്കേതിൽ | 5000, 11.02.25 |
| 24 | ഗീത കൃഷ്ണൻ, മറുതുവേലിൽ | 5000, 21.02.25 |
| 25 | വിജയ ശശികുമാർ, ശരൺ ഭവൻ | 5000, 21.02.25 |
| 26 | മിനി ജോൺ, കുളഞ്ഞിക്കൊമ്പിൽ | 5000, 11.02.25 |
| 27 | സാറാമ്മ ഷാജി, കുളഞ്ഞിക്കൊമ്പിൽ | 5000, 11.02.25 |
| 28 | ശശീന്ദ്രൻ നായർ, താന്നി ഓലിക്കൽ | 5000, 11.02.25 |
| 29 | രമണി, കിഴക്കേ മനപ്പുറത് | 5000, 18.02.25 |
| 30 | മേരിക്കുട്ടി വർഗീസ്, വില്ലോത് | 5000, 18.02.25 |
| 31 | മിനി, പടിഞ്ഞാറേ മനപ്പുറത് | 5000, 18.02.25 |
| 32 | രഘു സി കെ, പൊടിപ്പാറ തടത്തിൽ | 5000, 21.02.25 |
| 33 | ബിൻസി എ മാത്യു, മണ്ണൂർത്ത് | 5000, 21.02.25 |
| 34 | പൊടിയമ്മ, ഇഞ്ചയിൽ പുത്തൻപുരയിൽ | 5000, 21.02.25 |
| 35 | വിജയകുമാർ, വിജയ ഭവനം | 5000, 21.02.25 |
| 36 | മറിയാമ്മ വർഗീസ്, പുല്ലുവിഴകാലായിൽ | 5000, 21.02.25 |
| 37 | വിജയൻ, മലമ്പാറ | 5000, 21.02.25 |
| 38 | സുഗു സി ഒ, ചിരട്ടോലിൽ | 5000, 21.02.25 |
| 39 | ജനാർദ്ദനൻ നായർ, ശ്രീമന്തത്തിൽ | 5000, 21.02.25 |
| 40 | അനിൽ കുമാർ കെ, കാവുംപുറത്തുമലയിൽ | 5000, 21.02.25 |
| 41 | അനൂപ് കെ, മനപ്പുറത്ത് | 5000, 18.02.25 |

ഗുണഭോക്താക്കൾ ടോയ്‌ലെറ്റിന്റെ പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42, 17.07.2025) മറുപടി ലഭിച്ചില്ല. മേൽ ഗുണഭോക്താക്കളുടെ ടോയ്‌ലെറ്റിന്റെ പണി പൂർത്തീകരിച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 ഹോമിയോ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ( 99/25 )പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് 200000 രൂപ ഹോംകോ, ആലപ്പുഴയ്ക്ക് മുൻകൂറായി നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| **പ്രോജക്ട് നം./പേര്** | **ബിൽ നം., തീയതി** | **പെർഫോർമ ഇൻവോയ്സ് നം./തീയതി** | **ലഭ്യമായ മരുന്ന് (രൂപ)** | **ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ)** |
|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ, 99/25 | 24050952012801312244, 12.02.2025 | LF-385/14.06.2025 | 128694 | 71306 |

അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് ഹോംകോയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുതാണ്.

## 1-43 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രധനകാര്യ മന്ത്രാലയം 15(2)FC-XV/FCD/20-25/16.07.2021 നമ്പർ ഉത്തരവ് പ്രകാരവും, സംസ്ഥാന സർക്കാർ **സ.ഉ(സാധാ) നം. 2132/2022/LSGD; 31.08.2022 നമ്പർ ഉത്തരവ്** പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് അവാർഡ് കാലയളവിൽ (2021-2026) തുക വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കർമ്മപദ്ധതിയിലെ ചില പ്രവർത്തനങ്ങൾ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവ മുഖേന നടത്തുന്നു. **സ.ഉ.(സാധാ)നം.1625/2023/തസ്വഭവ**; തീ. **09.08.2023** ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശത്തിൽ ആറ് സ്കീമുകളിലായി പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| സ്കീം-2 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം. |
| സ്കീം-3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം-4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| സ്കീം-5 | നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. |
| സ്കീം-6 | അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ. |

ഇതിൽ ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 1, 3, 4 എന്നീ മൂന്ന് സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

അയിരൂർ ഗ്രാമ പഞ്ചായത്തിൽ ആരോഗ്യ കേന്ദ്രത്തിലും സബ്സെന്ററിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പടുത്തുന്നതിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

**<u>ഹെൽത്ത് ഗ്രാന്റ് – വരവ് ചെലവ് കണക്കുകൾ</u>**

2022-23 മുതൽ 2024-25 വരെ മൂന്ന് സ്കീമുകളിലായി ലഭിച്ച തുക, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | 297245+ 2749(പലിശ) | 836000+ 10443(പലിശ) | 349000+ 3156(പലിശ) | 1498593 | 187229 | 930739 | 0 | 1117968 | 380625 |
| 2 | Grant For Rural Health & Wellness Centres | 166942+ 1141(പലിശ) | 355000+ 3336(പലിശ) | 565000+ 1164(പലിശ) | 1092583 | 94666 | 320917 | 31069 | 446652 | 645931 |
| 3 | Construction Of Building To Health Sub Centres | 0 | 5550000+ 57714(പലിശ) | 0+156241(പലിശ) | 5763955 | 0 | 0 | 0 | 0 | 5763955 |
| | **ആകെ** | 468077 | 6812493 | 1074561 | 8355131 | 281895 | 1251656 | 31069 | 1564620 | 6790511 |

ഗ്രാമപഞ്ചായത്തിൽ 1 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും 4 സബ് സെന്ററുകളുമാണുള്ളത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കാഞ്ഞേറ്റുകരയിലും സബ്സെന്ററുകൾ പ്ലാങ്കമൺ, അയിരൂർ സൌത്ത്, കാഞ്ഞേറ്റുകര, കോറ്റാത്തൂർ എന്നിവിടങ്ങളിലുമായാണ് പ്രവർത്തിക്കുന്നത്.

സ്കീം 1 ൽ "Health Grant- Construction Of Building To Health Sub Centers" എന്ന ഹെഡിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ച് സബ് സെന്റർ കെട്ടിടനിർമ്മാണത്തിന് പദ്ധതികൾ ഏറ്റെടുത്ത് നിർമ്മാണങ്ങൾ തുടങ്ങിയിട്ടുണ്ട്. 2024-25 വർഷം പ്ലാങ്കമൺ സബ്സെന്റർ നിർമ്മാണം ആരംഭിച്ചു. നിലവിൽ ടി കെട്ടിടത്തിന്റെ നിർമ്മാണം റൂഫ് ലെവൽ വരെയായിട്ടുണ്ട്. അയിരൂർ സൌത്ത് സബ് സെന്റർ നിർമ്മാണത്തിനായി 2775000 രൂപ 17.06.2025 തീയതിയിൽ എൻ.എച്ച്.എംന് കൈമാറിയിട്ടുണ്ട്.

**സ്കീം 3, സ്കീം 4 ലും ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | വർഷം | പ്രോജക്ടിന്റെ പേര്, നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ, 202/23 | 110000 | 94666 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 2 | 2022-23 | ആരോഗ്യ സ്ഥാപനത്തിന്റെ | 297245 | 187229 | മെഡിക്കൽ ഓഫീസർ, |

| | | | | | |
|---|---|---|---|---|---|
| | | അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, 203/23 | | | സി.എച്ച്.സി |
| 3 | 2023-24 | ആരോഗ്യ സ്ഥാപനത്തിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, 232/24 | 110016 | 94825 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 4 | 2023-24 | ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണ്ണയ സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ, 284/24 | 836000 | 835914 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 5 | 2023-24 | ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെ രോഗനിർണ്ണയ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ, 285/24 | 355000 | 320917 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 6 | 2024-25 | ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെ രോഗനിർണ്ണയ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ-SO, 345/25 | 34083 | 31069 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.
. സ്കീം 1 പ്രകാരം തുക ലഭിച്ച തുക ഉപയോഗിച്ച് സബ്സെന്ററുകളുടെ കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
. ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. സമയാസമയങ്ങളിൽ തന്നെ ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം-പരിശോധന

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

**1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 14 | 81500.00 | 81500.00 | ഇല്ല | - |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുളളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മെയ് 2024 | 4500 | 4500 | | |

**3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുളളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

അയിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 28/05/2025-ലെ 1-1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് സോഫ്റ്റ് വെയർ മുഖേന 03/06/2025-ന് ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കി. ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയും, സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയും ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## 4-3 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 118137 | വന്യ മൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം (219/24 | 118137 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 54460 | പാലിയേറ്റീവ് കെയർ പദ്ധതി- സ്പിൽ ഓവർ (186/25) | 54460 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 299660 | പാലിയേറ്റീവ് കെയർ പദ്ധതി (101/25) | 299660 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1531000 | ലൈഫ് ഭവനപദ്ധതി -ജനറൽ (9/25) | 1531000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 74800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(207/25) | 74800 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 20303 | പാലിന് സബ്സിഡി (78/25) | 20303 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 843 | പാലിന് സബ്സിഡി- സ്പിൽ ഓവർ (182/25) | 843 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 40850 | അതിദരിദ്രർക്ക് മരുന്ന് നൽകൽ (187/25) | 40850 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 744000 | ലൈഫ് ഭവനപദ്ധതി- എസ്.സി(10/25) | 744000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 1372000 | ലൈഫ് ഭവനപദ്ധതി- ജനറൽ (9/25) | 1372000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 111000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(207/25) | 111000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 200000 | അങ്കണവാടി പോഷകാഹാരം (16/25) | 200000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(29/25) | 200000 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഗ്രാമപ്പഞ്ചായത്തിലെ തടിയൂർ രാജരാജേശ്വരി ക്ഷേത്രത്തിലേക്ക് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 76600 | 76540 | 60 |
| കെ.എസ്.ഇ.ബി | വിവിധ ഇലക്ട്രിക് ലൈൻ മാറ്റി | 100000 | 28801 | 71199 |

| | |
|---|---|
| സ്ഥാപിക്കൽ | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് ആയി തുക നൽകിയിട്ടില്ല.

## 4-6 വായ്പ/ വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ (ലൈഫ് ഭവന പദ്ധതി) | 1723978 | 1969000 | 3692978 | 819502 | | 2873476 |
| കെ.യു.ആർ.ഡി.എഫ്.സി (ലൈഫ് ഭവന പദ്ധതി) | 0 | 6486626 | 6486626 | 0 | | 6486626 |

## 4-7 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 182767 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 182767 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 182767 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരളാ ബാങ്ക്, അയിരൂർ അക്കൗണ്ട് നമ്പർ 117218801200030 | 27.5.2023 | 12 | 182767 | |
| ആകെ | | | | 182767 | |

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക ലഭിച്ചിട്ടില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | പരാമർശം | റിപ്പോർട്ട്നം./ തീയതി | LFAC നിർദ്ദേശങ്ങൾ/ ശുപാർശ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2006-07 3-18-1-17 | 2000-01 2-2 | ജനറൽ പി.ഡി അക്കൗണ്ടിൽ നിന്നുള്ള ചെലവ് (15500) വൗച്ചറുകൾ/ ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | LFAC 2021-23 20th Report 20-07-2022 Para-62 | വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധ്യപ്പെടുത്തിയ വിവരങ്ങളും അംഗീകരിച്ച സമിതി, പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തു. | പരാമർശം ഒഴിവാക്കിയതായി ഓഡിറ്റിനെ അറിയിച്ചിട്ടില്ല. |
| 2006-07 3-18-1-17 | 2000-01 2-4 | തനത് ഫണ്ട് ചെലവ് (19405) വൗച്ചറുകൾ/ ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | LFAC 2021-23 20th Report 20-07-2022 Para-62 | വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധ്യപ്പെടുത്തിയ വിവരങ്ങളും അംഗീകരിച്ച സമിതി, പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തു. | പരാമർശം ഒഴിവാക്കിയതായി ഓഡിറ്റിനെ അറിയിച്ചിട്ടില്ല. |
| 2001-02 CAR | | അംഗീകൃത കടവുകളിൽനിന്നും മണൽ | LFAC 2016-19 10th Report | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ | പരാമർശം ഒഴിവാക്കിയതായി |

| | | | | | |
|---|---|---|---|---|---|
| | | വാരുന്നതിനുള്ള പി ഫോം പ്രകാരമുള്ള വരവ് ഈടാക്കിയില്ല. | 15-05-2017 Para 13 | സെക്രട്ടറി 2001-ൽ തിരിടച്ചിട്ടുണ്ടെന്ന് ഡി.ഡി.പി. റിപ്പോർട്ട് ചെയ്തു. തുക തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തു. | ഓഡിറ്റിനെ അറിയിച്ചിട്ടില്ല. |
| 2020-21 1-2 അനുബന്ധം-2 | 2019-20 1-24 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | - | - | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2016-17 അദ്ധ്യായം-2 അനുബന്ധം-4 | 2014-15 | തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ 2014-15 | - | - | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-10 ചാർജ്, സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം ചാർജ്, സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)**

| | (റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77219781 | 294142614 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45087510 | 298507568 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49356 | |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**സി) തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-33 | 49356 | ശ്രീ രഞ്ജിത്ത് എസ്. അസിസ്റ്റന്റ് എൻജിനീയർ |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ രഞ്ജിത്ത് എസ്. അസ്സിസ്റ്റന്റ് എൻജിനീയർ | അസ്സിസ്റ്റന്റ് എൻജിനീയർ അയിരൂർ ഗ്രാമപഞ്ചായത്ത് | കാപ്പിൽ കിഴക്കേതിൽ അരീക്കര പി.ഒ മുളക്കുഴ- 689505 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 (ചെലവ്) | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി1-820(13)/22 തീയതി 17.09.2022 | 2, (2-2,2-4) |
| 2003-04 | ” | 1, (3-13) |
| 2013-14 & 2014-15 | ” | 2, (2-1,3-1) |
| 2015-16 | ” | 1, (3-1) |
| 2016-17 | ” | 3, (3-10(5), 3-12(2), 3-20) |
| 2019-20 | റെക്ടിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി8-431/22 തീയതി 18.05.2022 | 3, (1-18, 1-19, 1-24) |
| 2020-21 | റെക്ടിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി8-1357/22 തീയതി 03.04.2023 | 4, (1-11, 1-13, 1-16, 1-22) |
| 2021-22 | റെക്ടിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ. പി 8- 1409/2022 തീയതി 20.05.2023 | 17, (1-11, 1-12, 1-13-1, 1-16, 1-18, 1-19, 1-20, 1-21, 1-25, 1-26, 1-27, 1-28, 1-29, 1-34, 1-36, 4-2, 4-7) |
| 2022-23 | റെക്ടിഫിക്കേഷൻ റിപ്പോർട്ട് നം. കെ.എസ്.എ.പി.റ്റി.എ.പി8-1066/2023 തീയതി 27/03/2024 | 21, (1-14, 1-15, 1-16, 1-17, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-31, 1-32, 1-33, 1-35, 1-36, 1-37, 1-38, 1-40, 3-1) |
| 2023-24 | കെ.എസ്.എ.പി.റ്റി.എ.പി8-1150/2024 തീയതി 05/12/2024 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 30-05-2025 and submitted on 03-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the AYIROOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of AYIROOR Grama Panchayat as on 31-03-2025

**Date: 22/08/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of AYIROOR Grama Panchayat for the Year 2024-2025.

### 1.Major Observations

1. Asset register is not comprehensive. Hence the value of assets included in the balance sheet does not match with the asset register.

### 2.Other Observations

1. Cashflow Statement - Net increase in Cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2. Lapses in making timely and accurate demand entries in respect of tax and non tax revenues. The figure shown in the accounts as demand of professional tax and licence fees do not match with the demand registers.

3. Schedule B-7: Since the Advance Register was not kept properly, the accuracy of the balance of advance amounts given under various categories and amounts deposited with agencies like KWA and KSEB cannot be ascertained.
4. The figure shown in the accounts as Capital Work in progress does not match with the part bill amount given for the public works.

5. An amount of Rupees 2.69 Crore as total outstanding balance in terms of water charge of street taps not included in the accounts as liability.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്